മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ഏപ്രിൽ 2003



# വായനക്കാരുടെ കത്തുകൾ

## അരങ്ങേറുന്ന ഞായറാഴ്ച കല്ല്യാണങ്ങളും അരങ്ങൊഴിയുന്ന ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളും

"അച്ചോ, രാവിലെ ഒമ്പതര മണിക്കുതന്നെ വിവാഹത്തിനു പുറപ്പെടണം. കുർബാന അഡ്ജസ്റ്റ് ചെയ്തു നേരത്തേതന്നെ തീർക്കണേ" സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ പ്രസംഗവും പ്രസ്താവനകളും വേണ്ടെന്നുവച്ചു അഡ്ജസ്റ്റുമെന്റുകൾ നടത്തി ഒമ്പതരയ്ക്കു തന്നെ അച്ചൻ ഭവനത്തിലെത്തി. കുർബാനയ്ക്കു ശേഷം നടക്കേണ്ട സണ്ടേസ്ക്കൂളിന്റെ സമയമായി. കുട്ടികൾ പള്ളിയിൽകൂടി. പ്രാർത്ഥനകഴിഞ്ഞു ഹെഡ്മാസ്റ്ററുടെ പ്രസ്താവനവന്നു കൂടുതൽ അദ്ധ്യാപകർക്കും ഇന്നു കല്യാണത്തിനു പോകേണ്ടതിനാൽ ഇന്നു സണ്ടേസ്ക്കൂൾ ഉണ്ടാകുന്നതല്ല. പ്രാർത്ഥനായോഗങ്ങൾ നടക്കേണ്ടതായ വീടുകളിൽ പ്രാർത്ഥനനടത്താനായി ആളുകൾ എത്തിയില്ല. ആ ഭവനക്കാർ പ്രസ്താവനയിറക്കി ഇനി ഞങ്ങൾ പ്രാർത്ഥനായോഗവുമായി സഹകരിക്കില്ല. മുടങ്ങിയ പ്രാർത്ഥനായോഗങ്ങളുടെ എണ്ണം കൂടി. ഇതു കെട്ടിച്ചമച്ചകഥയല്ല. മലങ്കര ഓർത്തഡോക്സ് സഭയുടെ ദേവാലയങ്ങളിൽ മിക്ക ഞായറാഴ്ചകളിലും ആവർത്തിച്ചുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണ്. മാർത്തോമ്മാ സഭ ഞായറാഴ്ചക്കല്യാണങ്ങൾക്ക് കർശനമായി വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത് അനുഭവങ്ങളുടെ വെളിച്ചത്തിലാണ്. നമ്മേപ്പോലെ നൂറ്റാണ്ടുകളുടെ പാരമ്പര്യം അവകാശപ്പെടാനില്ലാത്ത ആ സഭ വളർച്ചയുടെ പാതയിൽ അതിവേഗം മുന്നേറുന്നത് മുടക്കമില്ലാത്ത ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ അടിത്തറയിൽ നിന്നുകൊണ്ടാണ്. ഈ പാഠം ഇതുവരെ പഠിക്കാത്ത നമ്മുടെ സഭ വളർച്ചയുടെ പാതയിൽ എവിടെ എത്തി എന്ന് ആത്മശോധന ചെയ്യുവാനോ കഴിഞ്ഞകാല പരാജയങ്ങളെ വിമർശനാത്മകമായി വിലയിരുത്തുവാനോ തയ്യാറാകുന്നില്ല. സഭയുടെ പരാജയങ്ങൾക്ക് പലകാരണങ്ങൾ കാണും. അതിൽ പ്രധാനമാണ് ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ മുരടിപ്പ്. വളർന്നു വരുന്ന തലമുറ സഭയിൽ നിന്നും അകലുന്നതിന്റെ പ്രധാന കാരണമാണ് ഞായറാഴ്ചകളിൽ അനുവദിക്കപ്പെടുന്ന മറ്റ് കോലാഹലങ്ങളിൽ മുരടിച്ചുപോകുന്ന സണ്ടേസ്ക്കൂൾ പ്രസ്ഥാനങ്ങൾ.

സഭയുടെ പരാജയങ്ങളിൽ ഇന്നു വളർന്നു വരുന്ന തലമുറ ഒട്ടും ആശങ്കാകുലരല്ല. കാരണം അവരുടെ ആത്മീയമായ വളർച്ചയ്ക്കും ഉയർച്ചയ്ക്കും സഭയിൽ നിന്നും കിട്ടിയിട്ടുള്ളതൊക്കെ കണക്കാണ്. ഇത് ഞാൻ പറയുന്നതല്ല ഇന്നിന്റെ യുവതലമുറ സഭയിലും സമൂഹത്തിലും വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്ന സത്യപ്രസ്താവനയാണ്. ഈ അടിത്തറ നന്നാക്കാതെയാണ് നാം ഇന്നു പല യുദ്ധങ്ങളിലും ഏർപ്പെട്ടിരിക്കുന്നത്. ഇവിടെ പരാജയങ്ങൾ തനിയാവർത്തനമായി മാറുകയാണ്. നിൽപ്ശരിയാക്കാതെ യുദ്ധത്തിലേർപ്പെടുന്ന വികലമായ യുദ്ധ തന്ത്രത്തിന്റെ പരിണിത ഫലം ഇൻഡ്യയുടെ പതനം എന്ന പുസ്തകത്തിൽ ടി. എൻ. ശേഷനെഴുതി റോഡുകളും കമ്മ്യൂണിക്കേഷൻ സംവിധാനങ്ങളും ഒരു രാജ്യത്തിന്റെ രക്തഓട്ടമാണെന്ന്. സഭയുടെ കാര്യത്തിൽ സജീവമായ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളിലൂടെ ഒഴുകുന്ന രക്തമാണ് ഇടവകയുടെ ജീവൻ. ഈ രക്ത ഓട്ടമാണ് സഭയെ പൗലോസിന്റെ വീക്ഷണത്തിലുള്ള ഒരു ശരീരമാക്കിത്തീർക്കുന്നത്. തളർന്ന ആത്മീയ പ്രസ്ഥാനങ്ങളിൽ നിലച്ചുപോയ രക്ത ഓട്ടം സഭാമാതാവിന്റെ ജീവൻ അപകടത്തിലാക്കുകയും നിരപരാധികളുടെ രക്തം സഭയ്ക്കുവേണ്ടി ഇന്ന് തെരുവുകളിൽ ഒഴുക്കപ്പെടുകയും ചെയ്യുകയാണ്. ഇതിൽ ആർക്കു ചേതം എന്ന രീതിയിലുള്ള തണുത്ത പ്രതികരണം സഭയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ഉണ്ടാകുന്നതിൽ അത്ഭുതപ്പെടാനില്ല, കാരണം രക്തഓട്ടം നിലച്ച സഭ, ഒരു ശരീരം എന്ന അവസ്ഥയിലേക്കു വളരുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. ഈ പരാജയത്തിന്റെ മൂലകാരണവും തളർന്ന ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളാണ്.

ഫാ. ചെറിയാൻ ടി.
സാമുവേൽ, വഞ്ചിത്ര


23rd Death Anniversary
on 16-4-2003



VARGHESE JOSEPH (MON)

Ist Death Anniversary
On 23-4-2003



SAM JOSEPH (ROY)

Chennattu Thekkumkattil
Vadaserikara

*Inserted by the Sorrowing Family Members*



# മലങ്കരസഭ

ലക്കം 4, പുസ്തകം 59
ഏപ്രിൽ 2003





## പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0473 - 222243, (Res)325942

**വൈസ് പ്രസിഡന്റ്**
യൂഹാനോൻ മാർ മിലിത്തോസ്

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജോൺ പണിക്കർ
ഫോൺ: 0481 - 2568083, 2566526

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡോ. അലക്സാണ്ടർ കാരയ്ക്കൽ
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 04733 - 279348
Mob:-9447300908

**ഓഫീസ് മാനേജർ**
ഫാ. അലക്സി മാത്യൂസ്
ഫോൺ: 0481 - 2471910



## വരിസംഖ്യ

**2002 സെപ്റ്റംബർ മുതൽ**

| | | |
|---|---|---|
| ഇന്ത്യയിൽ | | |
| ഒറ്റ പ്രതി | : | 7 രൂപ |
| ഒരുവർഷം | : | 75 രൂപ |
| 4 വർഷം | : | 300 രൂപ |
| 10 വർഷം | : | 750 രൂപ |
| വിദേശത്തേക്ക് | | |
| ഒരു വർഷം | : | 600 രൂപ |

*Cover Design & Type Setting:-*
M.S. Graphics, Devalokam.


CONTENTS

# ഉൾത്തുടിപ്പുകൾ

### എഡിറ്റോറിയൽ


4 യേശുക്രിസ്തുവിന്റെ ഉത്ഥാനം - ജീവന്റെ സംസ്ക്കാരത്തിലേക്കുള്ള താക്കോൽ - ഫാ. ഡോ. ജോൺ പണിക്കർ


### കവിത


14 സോദോമ്യഗീതം - - രാജൂ, പാമ്പാടി


### പ്രതികരണം


28 വിശ്വാസപാഠം - 2003 ഫെബ്രുവരി ലക്കത്തിന് ഒരനുബന്ധം - പ്രൊഫ. ജി. എം. തരകൻ

29 മദ്ധ്യ തിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻ - കെ. വി. മാമ്മൻ, കോട്ടയ്ക്കൽ


### ലേഖനങ്ങൾ


6 മലങ്കരസഭയും കാനോനുകളും - അഡ്വ. സജി കൊടുവത്ത്

9 നിത്യജീവൻ - മാത്യൂസ് ബർന്നബാസ് മെത്രാപ്പോലീത്ത

12 ചരിത്രം മറന്ന വാകത്താനം അസ്സോസിയേഷൻ - ജേക്കബ് കൊച്ചേരി, വാകത്താനം

17 ഒടുവിൽ യോഹന്നാനു കിട്ടിയ വെളിപാട് - ഫാ. ജോസഫ് സാമുവെൽ, കറുകയിൽ

21 പരേതാത്മാക്കളെ സംബന്ധിച്ച് - കെ. ഐ. ഐസക്ക്, ബാംഗ്ലൂർ


### സ്ഥിരം പംക്തികൾ


ധ്യാനപംക്തി, ബൈബിൾ പഠനം, ബൈബിൾ പദപ്രശ്നം, ബാലസഭ, ബൈബിൾ കടങ്കഥകൾ, പ്രതിമാസചിന്തകൾ, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ.



ദേവലോകം, കോട്ടയം – 686 038. ഫോൺ: 0481 – 2573234
e-mail: malankara@sancharnet.in

ലേഖനം

# മലങ്കരസഭയും കാനോനുകളും

അഡ്വ. സജി കൊടുവത്ത്

സഭാ നിയമങ്ങളിൽ സർവ പ്രധാനം ബൈബിളിലൂടെ വെളിവാക്കപ്പെട്ടിട്ടുള്ള ദൈവീക നിയമങ്ങളാണ് (Divine Laws).

ഇതോടൊപ്പം സുന്നഹദോസുകൾ കൈക്കൊള്ളുന്ന തീരുമാനങ്ങളും പണ്ഡിതന്മാരായ സഭാ പിതാക്കന്മാരുടെ പ്രബോധനങ്ങളും ദൈവിക നിയമങ്ങളെ ദുർബലപ്പെടുത്താത്ത ആചാരങ്ങളും സഭാ ഭരണത്തിന്റെ സവിശേഷ പ്രമാണങ്ങളായി അപ്പോസ്തോലിക സഭകൾ പരിഗണിക്കുന്നു. ഇവ ക്രോഡീകരിച്ച് സഭാ ഭരണത്തിനായി ഉപയോഗിക്കുന്ന നിയമസംഹിതയാണ് കാനോൻ.

വി. സഭ, വി. കുർബാന, നോമ്പ്, പട്ടംകൊട, എന്നിങ്ങനെയുള്ള ആത്മീയ കാര്യങ്ങൾക്കൊപ്പം വിവാഹം, വിവാഹ മോചനം, പിന്തുടർച്ച, മരണപത്രം, മുതലായ വ്യക്തി നിയമങ്ങൾ സംബന്ധിച്ചും വ്യക്തമായ സഭാ നിർദ്ദേശങ്ങൾ കാനോനുകളിൽ രേഖപ്പെടുത്തുന്നു. സഭാ ഭരണക്രമം, അധികാര ശ്രേണി, സഭാ സ്ഥാപനങ്ങൾ തുടങ്ങിയവയും കാനോന്റെ പരിധിയിൽ വരുന്ന വിഷയങ്ങളാണ്.

മലങ്കര സഭയിലുണ്ടായ കക്ഷി വഴക്കുകളിൽ വിവിധ കാനോൻ പതിപ്പുകൾ കോടതികളുടെ പരിഗണനയിൽ വന്നു. സഭാ ഭരണത്തിന്റെ അടിസ്ഥാന നിയമങ്ങളായാണ് കോടതികൾ കാനോനെ പരിഗണിച്ചത്.

### സെമിനാരി – ആർത്താറ്റ് കേസുകൾ

കാനോൻ സംബന്ധിച്ച തർക്കങ്ങൾ, മലങ്കരയിൽ ആദ്യമായി ഉയർന്നത് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായും തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായും (നവീകരണ വിഭാഗം–മർത്തോമ്മാ സഭ) തമ്മിലുള്ള കേസുകളിലാണ്. സെമിനാരിക്കേസും ആർത്താറ്റ് പള്ളികളുടെ കേസുമാണ് ഇവയിൽ പ്രധാനം.

അന്ത്യോക്യാ പാത്രിയർക്കീസിന് മലങ്കര സഭയിൽ യാതൊരധികാരവുമില്ലെന്നു സ്ഥാപിക്കാൻ 'മലങ്കര കാനോൻ' മാർ അത്താനാസിയോസിന്റെ ഭാഗത്തു നിന്നും കോടതികളിൽ ഹാജരാക്കി. കോട്ടയം സി. എം.എസ്. പ്രസ്സിൽ അച്ചടിച്ച മലയാള പുസ്തകമായിരുന്നു ഇത്. ഈ കാനോൻ പ്രകാരം മലങ്കരസഭ എക്കാലവും ഒരു സ്വതന്ത്ര സഭയായി നിലനിന്നുവന്നതാണ്. പാത്രിയർക്കീസിന് മലങ്കരസഭയിൽ യാതൊരു അധികാരവും ഇല്ലെന്ന് ഇതിൽ കാണിച്ചിരുന്നു. ഇതിനെ എതിർക്കുവാൻ മറ്റൊരു കാനോൻ മാർ ദീവന്നാസിയോസിന്റെ ഭാഗത്തു നിന്നും ഹാജരാക്കി.

തിരുവിതാംകൂർ റോയൽ കോടതിയും കൊച്ചി രാജാവിന്റെ കോടതിയും മാർ ദിവന്നാസിയോസിനനുകൂലമായി കേസുകൾ വിധിച്ചു. എന്നാൽ ഈ വിധികൾ കാനോൻ സംബന്ധിച്ച തീരുമാനങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നില്ല.

### വട്ടിപ്പണക്കേസ്

മലങ്കരയിൽ, കാനോന്റെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊണ്ട ആദ്യകേസ് വട്ടിപ്പണക്കേസാണ്. വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിനെ പാത്രിയർക്കീസ് മുടക്കിയതിന്റെ നിയമസാധുതയായിരുന്നു കേസിലെ പ്രധാന തർക്ക വിഷയം. മെത്രാപ്പോലീത്തായെ മുടക്കുവാൻ കാനോൻ പ്രകാരം പാത്രിയർക്കീസിന് അധികാരമുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കേണ്ടതായി വന്നു. ഇതിനായി പാത്രിയർക്കീസിനെ പിന്താങ്ങുന്ന വിഭാഗം കേസിൽ 18–ാം അക്കമായി തെളിവിൽ സ്വീകരിച്ച കാനോൻ ഫയൽ ചെയ്തു. മലങ്കര മെത്രാപ്പോലീത്താ സമർപ്പിച്ച കാനോൻ 'എ' അക്കമായി നമ്പരിട്ടു.

തിരുവിതാംകൂർ റോയൽ കോടതിയിലെ സെമിനാരിക്കേസിൽ ഹാജരാക്കിയ കാനോൻ പതിപ്പുകൾ വട്ടിപ്പണക്കേസിൽ ഹാജരാക്കിയിരുന്നില്ല. എന്നാൽ 18 അക്കം കാനോന്റെ തന്നെ ഒരു പകർപ്പാണു ഈ കോടതിയിൽ പുലിക്കോട്ടിൽ മെത്രാപ്പോലീത്തായുടെ ഭാഗത്തു നിന്നും ബോധിപ്പിച്ചിരുന്നതെന്ന് പാത്രിയർക്കീസ് വിഭാഗം വാദിച്ചു.

### 18 അക്കവും 'എ' അക്കവും – വ്യത്യാസങ്ങൾ

18 അക്കം കാനോനും 'എ' അക്കം കാനോനും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ പാത്രിയർക്കീസിന്റെ അധികാരം സംബന്ധിച്ചാണ്. അവ താഴെ കൊടുത്തിട്ടുള്ള വിധം സംഗ്രഹിക്കാം.

1. 18 അക്കം കാനോൻ പ്രകാരം പാത്രിയർക്കീസിനോ കാതോലിക്കായ്ക്കോ മാത്രമാണ് മൂറോൻ കൂദാശ ചെയ്യുവാൻ അധികാരം; പാത്രിയർക്കീസ് അധികാരപ്പെടുത്താതെ ഒരു മെത്രാനോ എപ്പീസ്ക്കോപ്പായ്ക്കോ ഇതിനവകാശമില്ല. എന്നാൽ 'എ' അക്കം പ്രകാരം ഏതൊരു മെത്രാനും പാത്രിയർക്കീസിന്റെ അനുമതിയില്ലാതെ തന്നെ. മൂറോൻ കൂദാശ ചെയ്യാം.

2. കിഴക്കിന്റെ കാതോലിക്കായും (മപ്രിയാന–തിഗ്രീസ്) മെത്രാന്മാരും അന്ത്യോക്യാ പാത്രിയർക്കീസിനു കീഴ്പ്പെട്ടിരിക്കണമെന്ന് 18 അക്കം കാനോൻ അനുശാസിക്കുന്നു. 'എ' അക്കത്തിൽ ഈ ഭാഗം കാണുവാനില്ല. ക്ഷണിക്കപ്പെടാതെ, കാതോലിക്കായുടെ അധികാരസീമയിൽ പാത്രിയർക്കീസോ പാത്രിയർക്കീസിന്റെ അധികാരമസീമയിൽ കാതോലിക്കായോ പ്രവേശിക്കുവാൻ പാടില്ലെന്നു 'എ' അക്കം വ്യക്തമാക്കുന്നു. കാതോലിക്കായെക്കൂടാതെ പാത്രിയർക്കീസിനെ വാഴിച്ചു കൂടാ എന്നും അപ്രകാരം ചെയ്യുന്ന പക്ഷം കിഴക്കർക്ക് തനിച്ച് കാതോലിക്കായെ വാഴിക്കുവാൻ അവകാശമുണ്ടെന്നും 'എ' അക്കം തുടർന്ന് പ്രസ്താവിക്കുന്നു. ഇവ 18 അക്കത്തിലില്ല.

3. 18 അക്കം കാനോൻ അനുസരിച്ച് പാത്രിയർക്കീസിന്റെ താല്പര്യ പ്രകാരമല്ലാതെ കിഴക്കിന്റെ കാതോലിക്കായ്ക്ക് തനിച്ച് കാതോലിക്കായേയോ (മപ്രിയായോ) മെത്രാനെയോ വാഴിക്കുവാനുള്ള അധികാരമില്ല. പാത്രിയർക്കീസാണു കാതോലിക്കായെ വാഴിക്കേണ്ടത്. എന്നാൽ മൂന്ന് മെത്രാന്മാർ ചേർന്നു പാത്രിയർക്കീസിന്റെ നിർദ്ദേശ പ്രകാരം മെത്രാനെയോ എപ്പിസ്ക്കോപ്പായെയോ വാഴിക്കുന്നതിൽ തെറ്റില്ല. 'എ' അക്കം കാനോനിൽ ഈ ഭാഗങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

4. പാത്രിയർക്കീസിന്റെ അധികാര സീമയെ 18 അക്കത്തിൽ സിംഹാസനമെന്നും മെത്രാപ്പോലീത്തായുടെ പരിധിയെ ഇടവകയെന്നും നാമകരണം ചെയ്തിട്ടുള്ളപ്പോൾ; ഈ രണ്ട് അധികാരാതിർത്തികളെയും സൂചിപ്പിക്കുന്നതിന് സിംഹാസനമെന്ന പദം 'എ' അക്കത്തിൽ ഉപയോഗിച്ചിരിക്കുന്നു.

5. 18 അക്കം കാനോൻപ്രകാരം മെത്രാൻമാരേയും എപ്പിസ്ക്കോപ്പാമാരെയും പുറത്താക്കുവാനുള്ള അധികാരം പാത്രിയർക്കീസിനും കാതോലിക്കായ്ക്കുമുണ്ട്. എന്നാൽ 'എ' അക്കത്തിൽ ഇതെക്കുറിച്ച് പരാമർശമില്ല.

വട്ടിപ്പണക്കേസിൽ 'എ' അക്കത്തോടൊപ്പം അതിന് സദൃശങ്ങളായ നാല് കാനോനുകൾ കൂടി ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ഭാഗത്തു നിന്നും ഹാജരാക്കി. അതിലൊന്ന് (തെളിവിൽ 'ബി' അക്കമിട്ട പ്രമാണം) പ. പരുമല തിരുമേനിയുടെ കൈപ്പടയിലുള്ളതായിരുന്നു.

'എ' അക്കം മാത്രമായിരുന്നു കേസിൽ ഹാജരാക്കിയ അച്ചടിച്ച കാനോൻ. 1898–ൽ പാരീസിൽ പ്രസിദ്ധീകരിച്ചതും ബാർ എബ്രായയാൽ എഴുതപ്പെട്ടതുമായ ഹൂദായ കാനോനാണിത്. പാത്രിയർക്കീസിന്റെ മലങ്കരയിലെ പ്രതിനിധിയായിരുന്ന സ്ലീബാ മാർ ഒസ്താത്തിയോസിന്റെ കൈപ്പടയിലുള്ളതാണ് 18 അക്കം കാനോൻ എന്ന് വട്ടശ്ശേരിൽ തിരുമേനിയുടെ ഭാഗത്തു നിന്നും തർക്കിച്ചു.

### ജില്ലാക്കോടതി വിധി

വട്ടിപ്പണക്കേസിൽ തിരുവനന്തപുരം ജില്ലാക്കോടതി 'എ' അക്കം കാനോനാണ് ശരിയായ കാനോനെന്ന് വിധിയെഴുതി. 18 അക്കം തിരസ്ക്കരിച്ച് 'എ' അക്കം സ്വീകരിക്കുവാൻ താഴെ പറയുന്ന ന്യായങ്ങളാണ് ജില്ലാക്കോടതി ചൂണ്ടിക്കാണിച്ചത്.

1. കേസിലെ 5–ാം പ്രതിയും പാത്രിയർക്കീസ് ഭാഗം വൈദീക ട്രസ്റ്റിയുമായിരുന്ന കോനാട്ട് കോരമാത്തൻ മൽപ്പാൻ പ്രസിദ്ധീകരിച്ചു വന്ന 'ജീവനിക്ഷേപം' മാസികയിൽ കാനോൻ പരിഭാഷപ്പെടുത്തി ഖണ്ഡശ: പ്രസിദ്ധപ്പെടുത്തിയിരുന്നു. 'എ' അക്കം കാനോന്റെ പരിഭാഷയായിരുന്നു ഇത്. കാനോൻ വിഷയത്തിൽ പാണ്ഡിത്യം നേടിയ മൽപ്പാൻ ശരിയായ കാനോനല്ലേ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൂ?

2. യൂലിയസ് അൽവാരിസ് മെത്രാപ്പോലീത്തായെ മുടക്കിക്കൊണ്ടുള്ള പാത്രിയർക്കീസിന്റെ കൽപ്പനയിൽ (ദിവന്നാസിയോസ് മെത്രാപ്പോലീത്തായെ മുടക്കി ഏതാനും മാസങ്ങൾ കഴിഞ്ഞ്) സൂചനയായി കാണിച്ചിരുന്നത് 'എ' അക്കം കാനോനിലെ പ്രസക്തങ്ങളായ നിശ്ചയങ്ങളാണ്. ഇവ 18 അക്കത്തിൽ ഇല്ലതാനും. ഈ കൽപ്പനയിൽ പാത്രിയർക്കീസ് ഭാഗം മലങ്കര മെത്രാപ്പോലീത്താ മാർ കൂറിലോസും അദ്ദേഹത്തിന്റെ പിൻഗാമി പൗലോസ് മാർ അത്താനാസിയോസും പാത്രിയർക്കീസ് ബാവായുടെ മലങ്കരയിലെ പ്രതിനിധി സ്ലീബാ മാർ ഒസ്താത്തിയോസും പാത്രിയർക്കീസ് മലങ്കരയിൽ വന്നശേഷം വാഴിച്ച മാർ ഇഗ്നാത്തിയോസും ഒപ്പിട്ടിരുന്നു.

3. പാത്രിയർക്കീസ് ബാവാ മലങ്കരയിലെ ജനങ്ങൾക്കായി പുറപ്പെടുവിച്ച ഒരു കൽപ്പനയിൽ 26 വയസ്സിനു മുൻപ് ആർക്കും കശ്ശീശയായി പട്ടം നൽകരുതെന്ന് ഉദ്ബോധിപ്പിച്ചിരുന്നു. ഇത് 'എ' അക്കം കാനോനനുസൃതമാണ്; 18 അക്കം പ്രകാരമല്ല.

4. പാത്രിയർക്കീസിന്റെ പ്രതിനിധി സ്ലീബാ മാർ ഒസ്താത്തിയോസ്, കാനോനെപ്പറ്റി പഠിക്കണമെന്നാഗ്രഹിച്ചവർക്ക് വിതരണം ചെയ്തത് 'എ' അക്കം കാനോന്റെ പ്രതികളായിരുന്നു.

### ഹൈക്കോടതി വിധി

വട്ടിപ്പണക്കേസിന്റെ അപ്പീലിൽ (1923–ൽ) തിരുവിതാംകൂർ ഹൈക്കോടതി 18 അക്കമാണ് ശരിയായ കാനോനെന്ന് അഭിപ്രായപ്പെട്ടു. സെമിനാരി–ആർത്താറ്റു കേസുകളിൽ ജോസഫ് മാർ ദിവന്നാസിയോസിന്റെ ഭാഗത്തു നിന്നും ഹാജരാക്കിയത് ഈ കാനോനായിരുന്നു എന്നതിനെ ആശ്രയിച്ചാണ് ഹൈക്കോടതി ഈ അഭിപ്രായത്തിലെത്തിയത്. 18 അക്കം കാനോന്റെ വെളിച്ചത്തിൽ പാത്രിയർക്കീസിന് മലങ്കര മെത്രാപ്പോലീത്തായെ മുടക്കുവാൻ അധികാരമുണ്ടെന്നും വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായെ മുടക്കിയിട്ടുള്ളത് സാധുവാണെന്നും ഹൈക്കോടതി തീർപ്പു കൽപ്പിച്ചു.

എന്നാൽ തിരുവിതാംകൂർ ഹൈക്കോടതി (1928–ൽ) പ്രസ്തുതവിധി പുനഃപരിശോധിക്കുകയും ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ മുടക്ക് സാമാന്യ നീതിക്ക് നിരക്കുന്നതല്ലെന്നും മുടക്ക് അസാധുവാണെന്നും വിധിച്ചു.

### ഒന്നാം സമുദായക്കേസ്

കാനോൻ സബന്ധിച്ച തർക്കങ്ങൾ 1–ാം സമുദായക്കേസിലും ഉയർന്നു വന്നു. 'മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ' എന്ന പുതിയ സഭ സ്ഥാപിച്ചതിനാലും ഒന്നാം പ്രതി, താൻ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമാണെന്ന് അവകാശപ്പെട്ടതിനാലും മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതിനാലും മൂറോൻ കൂദാശ ചെയ്യുവാനും മെത്രാന്മാരെ വാഴിക്കുവാനും മെത്രാന്മാർക്ക് ഇടവക ഭാഗിച്ചു കൊടുക്കു

> **ദൈവിക നിയമങ്ങൾക്ക് എതിരാകാത്ത വിധവും രാജ്യത്തെ നിയമങ്ങൾക്ക് വിധേയമായും അതത് കാലം സഭാ നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണ്. നിർഭാഗ്യമെന്നു പറയട്ടെ, ഈ വഴിക്കു കാലിക പ്രസക്തിയുള്ള "നിയമ നിർമ്മാണം" നടത്തുവാൻ മലങ്കരസഭ യാതൊന്നും ചെയ്തിട്ടില്ല. സമാരാധ്യന്മാരായ നിയമപണ്ഡിതന്മാരും വേദശാസ്ത്രജ്ഞന്മാരുമുള്ള മലങ്കര സഭയ്ക്കു രാജ്യത്തെ നിയമങ്ങൾക്കും സഭയുടെ തത്വങ്ങൾക്കും അനുയോജ്യമായ വിധം സഭാ നിയമങ്ങൾ രൂപപ്പെടുത്തുക അസാദ്ധ്യമായ ഒരു കാര്യമല്ല.**
>
> **മലങ്കരസഭാ ഭരണഘടനയ്ക്ക് വിധേയമായി, മലങ്കരസഭയ്ക്ക് ബാധകമായ കാനോൻ പരിഷ്ക്കരിച്ച് കാലോചിതമായ കാനോനുകൾ ഉണ്ടാക്കണം. ഇത് സഭയുടെ സുഗമമായ ഭരണത്തിനും കെട്ടുറപ്പിനും അത്യന്താപേക്ഷിതമാണ്.**

വാനും പാത്രിയർക്കീസിന്റെ അനുമതി ആവശ്യമില്ലെന്ന നിലപാട് കൈക്കൊണ്ടതിനാലും റിശ്ശീസ കാതോലിക്കായ്ക്ക് കൊടുക്കുവാൻ വ്യവസ്ഥ ഉണ്ടാക്കിയതിനാലും കാതോലിക്കാ വിഭാഗം സ്വയം സഭയ്ക്കെതിരായി എന്ന് പാത്രിയർക്കീസ് വിഭാഗം ഒന്നാം സമുദായക്കേസിൽ തർക്കിച്ചു. സഭാ സ്വത്തുക്കളുടെ ഉടമസ്ഥത പുരാതന യാക്കോബായ സഭയ്ക്കും അതിന്റെ ഭാരവാഹികളായ തങ്ങൾക്കുമാണെന്നായിരുന്നു വാദികളുടെ അവകാശവാദം.

വട്ടിപ്പണക്കേസിലെ 'എ' അക്കം കാനോനെ അടിസ്ഥാനപ്പെടുത്തിയാണ് പാത്രിയർക്കീസ്-കാതോലിക്കാ ബന്ധം 1934-ലെ ഭരണഘടനയിൽ വിവരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച ഭരണഘടനാ വകുപ്പുകൾ പാത്രിയർക്കീസിന് മലങ്കര സഭയിലുള്ള അധികാരങ്ങൾ തീർത്തും ഇല്ലാതാക്കുന്നുവെന്നും പാത്രിയർക്കീസു വിഭാഗം തർക്കിച്ചു.

കാനോൻ, കാതോലിക്കേറ്റ് എന്നീ വിഷയങ്ങളോടു വാദികൾ കൈക്കൊണ്ട സമീപനം മൂലവും മെത്രാന്മാരെ വാഴിക്കുവാനും മുടക്കുവാനും പാത്രിയർക്കീസിനുള്ള അധികാരം സംബന്ധിച്ച നിലപാടുമൂലവും അവരാണ് സഭയിൽ നിന്നും സ്വയം വേർപെട്ടതെന്ന് കാതോലിക്കാ വിഭാഗവും വാദിച്ചു.

കേസിലെ വാദികളും പ്രതികളും പരസ്പരം ഉന്നയിച്ച ആരോപണങ്ങളിൽ തീരുമാനമെടുക്കുന്നതിന് ശരിയായ കാനോൻ ഏതെന്ന് നിർണ്ണയിക്കേണ്ടത് ആവശ്യമായി വന്നു. വട്ടിപ്പണക്കേസിൽ 'എ' അക്കമായി നമ്പരിട്ട പ്രമാണമാണ് ശരിയായ കാനോനെന്ന് സമർത്ഥിച്ചുകൊണ്ട് കാതോലിക്കാപക്ഷത്തിനനുകൂലമായി ജില്ലാക്കോടതി വിധി പ്രസ്താവിച്ചു. എന്നാൽ 18 അക്കമാണ് ശരിയായ കാനോനെന്ന്, ജില്ലാക്കോടതി വിധി അസ്ഥിരപ്പെടുത്തി. കേരള ഹൈക്കോടതി രേഖപ്പെടുത്തി.

സമുദായക്കേസ് സുപ്രീംകോടതിയിലെത്തി. വട്ടിപ്പണക്കേസിൽ തീരുമാനമായതോ വട്ടിപ്പണക്കേസിൽ അവശ്യം ഉന്നയിക്കേണ്ടിയിരുന്നതോ ആയ തർക്കങ്ങൾ തന്നെയാണ്, കാതോലിക്കാവിഭാഗം സഭയ്ക്കിതരരായി എന്നു കാണിക്കുവാൻ, പാത്രിയർക്കീസ് വിഭാഗം ഉന്നയിച്ചിട്ടുള്ളതെന്ന് കോടതി കണ്ടെത്തി. ഈ തർക്കങ്ങളിൽ കാതോലിക്കാപക്ഷത്തിനനുകൂലമായി വട്ടിപ്പണക്കേസിൽ തീരുമാനം ചെയ്തിട്ടുള്ളതാണെന്നും അവ പുനഃപരിശോധിക്കുന്നതിനു വാദതടസ്സം (റസ്ജൂഡിക്കേറ്റ ദോഷം) ഉണ്ടെന്നും, ജില്ലാക്കോടതിയുടെ ഡിക്രി സ്ഥിരപ്പെടുത്തിക്കൊണ്ടു, സുപ്രീം കോടതി പ്രസ്താവിച്ചു.

**രണ്ടാം സമുദായക്കേസ്:**

രണ്ടാം സമുദായക്കേസിൽ മുൻകേസുകളിലെ വിധികളുടെ അടിസ്ഥാനത്തിൽ 'എ' അക്കമാണ് ശരിയായ കാനോനെന്ന് കാതോലിക്കാപക്ഷവും 18 അക്കമാണ് ശരിയായ കാനോനെന്ന് പാത്രിർക്കീസ് പക്ഷവും വാദിച്ചു. വട്ടിപ്പണക്കേസിലും സമുദായക്കേസിലും കാനോൻ കാര്യത്തിൽ ഉണ്ടായ തീരുമാനങ്ങൾ റസ് ജൂഡിക്കേറ്റ് ആകുന്നില്ലെന്നു കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് തീർപ്പു കൽപ്പിച്ചു. ശരിയായ കാനോൻ ഏതെന്നു കാണുന്നതിന് കേസിൽ സ്വതന്ത്രമായ തെളിവുകൾ ഉണ്ടായിരുന്നില്ല. ഇക്കാരണങ്ങളാൽ കാനോൻ തർക്കത്തിൽ പ്രത്യേകമായി ഹൈക്കോടതി തീരുമാനം കൈക്കൊണ്ടില്ല. എന്നാൽ സഭാഭരണഘടന സഭയിലെ എല്ലാ അംഗങ്ങൾക്കും പള്ളികൾക്കും സ്ഥാപനങ്ങൾക്കും ബാധകമാണെന്ന് ഹൈക്കോടതി വിധിച്ചു.

കാനോൻ സംബന്ധിച്ച് 2-ാം സമുദായക്കേസിൽ സുപ്രീം കോടതി (ജസ്റ്റീസ് ജീവൻ റെഡ്ഡി എഴുതിയ ഭൂരിപക്ഷ വിധിന്യായം) കൈക്കൊണ്ട തീരുമാനം താഴെ ചേർക്കുന്നു:

"കാനോൻ സംബന്ധിച്ച തർക്കത്തിന്റെ പ്രസക്തി പിന്നീടുണ്ടായ സംഭവവികാസങ്ങളുടേയും അവയുടെ ഫലങ്ങളുടേയും അടിസ്ഥാനത്തിൽ നഷ്ടപ്പെട്ടിട്ടുള്ളതാണ്. ഇക്കാര്യത്തിലേക്ക് ഞങ്ങൾ കടക്കേണ്ട യാതൊരാവശ്യവുമില്ല.

ഒന്നാം സമുദായക്കേസിലെ സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിൽ, കാനോൻ സംബന്ധിച്ച്, ജില്ലാ കോടതിയുടെ വിധിപ്പരാമർശങ്ങൾ നിലനിൽക്കുന്നു എന്ന് ജ. സഹായി (ന്യൂനപക്ഷ വിധിന്യായം) കണ്ടെത്തി. അതിനാൽ 18 അക്കമല്ല സാധുവായ കാനോനെന്ന് ജ. സഹായി വിധിച്ചു.

രണ്ടാം സമുദായക്കേസിൽ കാനോൻ നിയമങ്ങൾ പരിഗണിച്ചതു രണ്ട് കാര്യങ്ങളിലാണ്: ഒന്ന്, പാത്രിയർക്കീസിന് കാതോലിക്കായെ മുടക്കാൻ അധികാരമുണ്ടോ എന്നറിയുന്നതിന്: രണ്ട്, സഭ എപ്പിസ്ക്കോപ്പലാണോ എന്ന് നിശ്ചയിക്കുന്നതിന്.

കാതോലിക്കായെ മുടക്കുവാൻ പാത്രിയർക്കീസിന് അധികാരമുണ്ടെന്നു രണ്ട് കാനോൻ ഭാഷ്യങ്ങളിലും പറയുന്നില്ല എന്ന വസ്തുത സുപ്രീം കോടതി ചൂണ്ടിക്കാട്ടി.

'എ' അക്കം കാനോൻ പ്രകാരമായാലും 18 അക്കം കാനോൻ പ്രകാരമായാലും പള്ളികളുടെ ഭരണം എപ്പിസ്ക്കോപ്പാമാരിലാണ് നിക്ഷിപ്തമായിട്ടുള്ളത്. ഇക്കാര്യം സുപ്രീം കോടതി (ജ. സഹായിയുടെ വിധിന്യായം) കാനോൻ ഉദ്ധരിച്ചു വ്യക്തമാക്കി. പ്രസ്തുത കാനോൻ താഴെ കൊടുത്തിട്ടുള്ളതാണ്.

"വിശ്വാസികളുടെ വിലയേറിയ ആത്മാക്കളെ എപ്പിസ്ക്കോപ്പായുടെ പക്കൽ വിശ്വസിച്ചേൽപ്പിക്കാമെങ്കിൽ, പള്ളിയുടെ സ്വത്തുക്കളിന്മേലും അദ്ദേഹം അധികാരം വഹിക്കുന്നത് ഏറ്റവും യുക്തമായിരിക്കും. അദ്ദേഹത്തിന്റെ കൽപ്പനയുസരിച്ചുതന്നെ സകലതും ഭരിക്കപ്പെടുകയും കശീശന്മാർക്കും ശെമ്മാശന്മാർക്കും മുട്ടുള്ളവർക്കും നൽകപ്പെടുകയും ചെയ്യണം.

**സഭാഭരണഘടന**

1934-ലെ മലങ്കര സഭാ ഭരണഘടനയുടെ 5-ാം വകുപ്പ്, സഭ അംഗീകരിച്ചിരിക്കുന്ന കാനോൻ ബാർ എബ്രായയാൽ എഴുതപ്പെട്ടതും 1898-ൽ പാരീസിൽ അച്ചടിച്ചതുമായ ഹൂദായ കാനോനാണെന്ന് വ്യക്തമാകുന്നു. ഈ ഭരണഘടന മലങ്കരസഭയ്ക്കാകെ ബാധകമാണെന്ന് സുപ്രീം കോടതി പ്രഖ്യാപിച്ചു.

കാനോൻ തർക്കത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടുവെന്ന് സുപ്രീം കോടതി പരാമർശിക്കുവാൻ ഇടയായ "സംഭവവികാസം" കാനോൻ സംബന്ധിച്ച പ്രഖ്യാപനം ഉൾക്കൊള്ളുന്ന 1934-ലെ സഭാഭരണഘടന പാത്രിയർക്കീസും മലങ്കരയിലെ എല്ലാ വിഭാഗങ്ങളും, 1958-ലെ സുപ്രീം കോടതി വിധിക്കു

ശേഷം 14-ാം പേജിൽ



മാത്യൂസ് ബർന്നബാസ് മെത്രാപ്പോലീത്താ

നിത്യജീവൻ അഥവ നിത്യമായ സ്വർഗ്ഗം എന്താണെന്നും, അത് അനുഭവമാക്കുന്നതിനുള്ള വഴിയെന്തെന്നും ഏവരും അറിഞ്ഞിരിക്കേണ്ടതാണ്. സാധാരണ ഭാഷയിൽ പറഞ്ഞാൽ, നരകത്തിൽ വീഴാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കണമെന്നാണ് ഏവരുടെയും ആഗ്രഹം.

ദൈവത്തോടു കൂടെ വസിക്കുന്നതിലുള്ള സന്തോഷമാണ് സ്വർഗ്ഗം ദൈവസ്നേഹത്തിൽ നിറയുമ്പോഴുണ്ടാകുന്ന സന്തോഷമാണ് സ്വർഗ്ഗം. "എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും, നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇത് അരുളിച്ചെയ്തിരിക്കുന്നു." (വി. യോഹ. 15:11) എന്ന് പറഞ്ഞശേഷം നമ്മുടെ കർത്താവു തുടർന്നു പറയുന്നു" ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്നുള്ളതാകുന്നു എന്റെ കല്പന (വി. യോഹ. 15:12).

"നിത്യ ജീവനെ പ്രാപിക്കാൻ ഞാൻ എന്തു നന്മ ചെയ്യേണ്ടു" (വി. മത്താ. 19:16) എന്ന് ഒരാൾ കർത്താവിനോടു ചോദിച്ചതായി പറയുന്നു.

എന്താണ് നിത്യജീവൻ? കേവലം അന്തമില്ലാത്ത ജീവനല്ല നിത്യജീവൻ. നിത്യനായ ദൈവത്തിൽ നിന്ന് ലഭിക്കുന്ന. ദൈവിക സ്വഭാവമുള്ള ജീവനാണ് നിത്യജീവൻ. ദൈവം സ്നേഹമായതിനാൽ തന്റെ ജീവൻ എന്ന് പറയുന്നത് സ്നേഹമാണ്. നമുക്ക് ജീവനുണ്ടെന്ന് പറയുമ്പോൾ നമ്മിൽ സ്നേഹമുണ്ടെന്ന് സിദ്ധിക്കുന്നു. വി. യോഹന്നാൻ ശ്ലീഹ പറയുന്നു" നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു എന്ന് സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം. സ്നേഹത്തിൽ വസിക്കാത്തവൻ മരണത്തിൽ വസിക്കുന്നു" (1 യോഹ. 3:14) അതിനാൽ നിത്യജീവനെന്ന് പറയുന്നത് ദൈവസ്നേഹവും അതിൽ നിന്നുണ്ടാകുന്ന നിത്യ സന്തോഷവുമാണ്.

ഈ സ്നേഹത്തിന്റെ ഉറവിടം ദൈവമാണ് "ദൈവം സ്നേഹം തന്നെ (1 യോഹ. 4:8) ഈ സ്നേഹം നമുക്കു തരുന്നത് ത്രിത്വത്തിൽ ഒരുവനായ പരിശുദ്ധാത്മാവാണ്." ദൈവത്തിന്റെ സ്നേഹം, നമുക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിലേയ്ക്കു പകർന്നിരിക്കുന്നുവല്ലോ" (റോമ. 5:5) ഈ സ്നേഹം ലോകത്തിന് കാണിച്ചു തരുന്നത് ത്രിത്വത്തിൽ ഒരുവനായ പുത്രനാണ്. "ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നേ നമുക്ക് വേണ്ടി മരിക്കയാൽ, ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിച്ചിരിക്കുന്നു." (റോമ. 5:8).

ദൈവിക സ്നേഹത്തിൽ നിന്നുളവാകുന്ന എട്ടുഫലങ്ങളെ ചേർത്ത്, ആകെ 9 ഫലങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഫലമായി, ആത്മാവിന്റെ ഫലത്തെ വി. പൗലോസ് വർണ്ണിക്കുന്നു. "ആത്മാവിന്റെ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത ഇന്ദ്രിയജയം" (ഗലാ. 5: 22, 23) ആത്മാവിന്റെ ഫലം കൊണ്ട് നാം നിറയുമ്പോൾ നാം ദൈവ സാദൃശ്യത്തിൽ പൂർണ്ണതപ്പെടുന്നു. ഈ സ്നേഹമില്ലാത്ത വൻ മരണത്തിൽ വസിക്കുന്നു എന്നാണ് വി. യോഹന്നാൻ പറയുന്നത് സ്നേഹത്തിൽ വസിക്കാത്തവൻ മരണത്തിൽ വസിക്കുന്നു" (1 യോഹ. 3:14).

യഥാർത്ഥ സ്നേഹമില്ലെങ്കിൽ, സ്നേഹപ്രവൃത്തികൾ പോലും നിഷ്ഫലമായി തീരുമെന്ന് വി. പൗലോസ് പറയുന്നു. "എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും, എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും, എനിക്ക് സ്നേഹമില്ല എങ്കിൽ, എനിക്ക് ഒരു പ്രയോജനവുമില്ല" (1 കോരി. 13:3) അതേ സമയത്ത് വി. യോഹന്നാൻ പറയുന്നു." ദൈവം സ്നേഹം തന്നെ. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു (1 യോഹ. 4:16).

അതുകൊണ്ടു സ്നേഹത്തിന് നാം കേന്ദ്ര പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. പരിശുദ്ധാത്മ സഹായത്താൽ സ്നേഹ പ്രവൃത്തികളിലൂടെയും പ്രാർത്ഥനയിലൂടെയും സ്നേഹത്തിൽ നിറയണം". നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്വിൻ" (1 കൊരി. 16:14) എന്നും "സ്നേഹം ആചരിപ്പാൻ ഉത്സാഹിപ്പിൻ" (1 കൊരി. 14:1) എന്നും വി. പൗലോസ് ഉദ്ബോധിപ്പിക്കുന്നു.



# നിത്യജീവൻ

2002 മാർച്ച് മാസത്തിലെ 'മലങ്കരസഭ' മാസികയിൽ ശ്രീ. വറുഗീസ് ജോൺ തോട്ടപ്പുഴ തയ്യാറാക്കി പ്രസിദ്ധീകരിച്ച (സ്ഥലം, തീയതി എന്നിവ ചേർന്ന) മലങ്കര അസ്സോസിയേഷനുകളുടെ ലിസ്റ്റാണ് ഈ ഉദ്യമത്തിന് പ്രചോദനമായത്. 1911 സെപ്റ്റംബർ 7-ന് കോട്ടയം എം. ഡി. സെമിനാരിയിൽ കൂടിയതിനുശേഷം 1930 സെപ്റ്റംബർ 4-ന് എം. ഡി. സെമിനാരിയിൽത്തന്നെ അസ്സോസിയേഷൻ കൂടിയതായാണ് പ്രസ്തുത ലിസ്റ്റിൽ കാണുന്നത്.

1913-ൽ ഒന്നാം കാതോലിക്കാ പ. ബസ്സേലിയോസ് പൗലൂസ് പ്രഥമൻ ബാവാ കാലം ചെയ്തു. 1925 വരെ മലങ്കര മെത്രാപ്പോലീത്താ ഭരണ നേതൃത്വം നൽകി. 1925-ൽ രണ്ടാം കാതോലിക്കായായി പ. ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവാ വാഴിക്കപ്പെട്ടു. തിരുമനസ്സ് 1928-ൽ കാലം ചെയ്തു. ഈ കാലവർഷങ്ങൾക്കിടയിൽ അസ്സോസിയേഷൻ കൂടിയിട്ടില്ലെന്നത് പ്രഥമ ദൃഷ്ട്യാ ശരിയല്ല. അൻപതു വർഷങ്ങൾക്കു മുൻപുള്ള മലങ്കര അസ്സോസിയേഷനുകളുടെ മിനിട്സ് പോലും ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഒരു പുരുഷായുസ്സിനു മുൻപ്, 1929-ൽ നടന്ന വാകത്താനം അസ്സോസിയേഷൻ ഈ ചരിത്രതാളുകളിൽ ഉൾപ്പെടാതെ പോയതിന് ന്യായീകരണം-ഉൾപ്പെട്ടിട്ടില്ലെന്നതു മാത്രമാകാം.

വാകത്താനം അസ്സോസിയേഷൻ പശ്ചാത്തലം ചരിത്ര രേഖകളിൽ നിന്ന്

മലയാള മനോരമ: 1928 ഡിസംബർ 22

കബറടക്കം: 1928 ഡിസംബർ 17 തിങ്കളാഴ്ച (ധനു 3) രണ്ടാമത്തെ കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവാ കാലം ചെയ്തു. പിറ്റേന്ന് വള്ളിക്കാട്ട് പള്ളിയിൽ കൂടി ആലോചിക്കത്തക്കവണ്ണം പള്ളികൾക്ക് നിരണം മുതലായ ഇടവകകളുടെ നി. വ. ദി. വ. ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പിന്നീട് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ) കല്പന അയയ്ക്കണമെന്ന് നിശ്ചയിച്ചു. പിറ്റേ ദിവസം (ഡിസംബർ 19) രാവിലെ അഭിവന്ദ്യ മേല്പട്ടക്കാരുടെ സുന്നഹദോസ് കൂട്ടുകയും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ അടുത്ത കാതോലിക്കായായും ബഥനിയുടെ എപ്പിസ്ക്കോപ്പായെ ബഥനിയുടെ മെത്രാപ്പോലീത്തായായും അവരോധിക്കണമെന്നും ഉടൻതന്നെ നൂതനമായി രണ്ടു മേല്പട്ടക്കാരെക്കൂടി വാഴിക്കണമെന്നും തീരുമാനിക്കുകയും ചെയ്തു. കാതോലിക്കാ സ്ഥാനാരോഹണവും മുപ്പതാം അടിയന്തിരവും ഒരുമിച്ചു നടക്കുമെന്ന് പ്രതീക്ഷയിൽ.

2. നിരണം മുതലായ ഇടവകകളുടെ

**ജേക്കബ് കൊച്ചേരി, വാകത്താനം**

# ചരിത്രം മറന്ന വാകത്താനം അസ്സോസിയേഷൻ

ഘട്ടങ്ങളിൽ ഒന്നിലേറെ മലങ്കര അസ്സോസിയേഷനുകൾ നടക്കാനുള്ള ചരിത്രപരമായ സാഹചര്യം ഉണ്ടെന്നിരിക്കെ സുപ്രധാനമായ ഈ പത്തൊൻപതു

**വ്യക്തമായ തെളിവുകൾ ഉണ്ടായിരുന്നിട്ടും വാകത്താനം അസ്സോസിയേഷൻ എന്തുകൊണ്ട് ചരിത്ര രേഖയിൽ ഉൾപ്പെട്ടില്ല? 1928 ഡിസംബർ 23-ന് നടന്ന ഇടവക പൊതുയോഗത്തിന്റെ വിപുലതയാകണം പിന്നീട് ഒരു മാസത്തിനുള്ളിൽ നടന്ന അസ്സോസിയേഷനെ രേഖകളിൽ നിന്ന് മറച്ചത്.**

ദയറായിൽ നടന്നു. തദനന്തരം ബാവായുടെ മുപ്പതാം അടിയന്തിരം സംബന്ധിച്ച് കാതോലിക്കാ മഹാ ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളികളുടെയും ഒരു യോഗം കൂടി ആലോചിക്കുന്നതിന് ഉടനെ സൗകര്യമില്ലാത്തതിനാൽ കോട്ടയം ഭദ്രാസന ഇടവകയിലെ പട്ടക്കാരും ഇടവക പ്രതിനിധികളും അടുത്ത ഞായറാഴ്ച (ധനു 9 ഡിസംബർ 23) ഉച്ചകഴിഞ്ഞ് വാകത്താനത്തു വള്ളി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ) 1928 ഡിസംബർ 24-ന് വള്ളിക്കാട്ട് ദയറായിൽ നിന്നും അയച്ച 476-ാം നമ്പർ കല്പനയിൽ നിന്നു:-

മുപ്പതാം അടിയന്തിരം ബാവാ തിരുമനസ്സിലെ മഹാ ഇടവകയിൽപെട്ട എല്ലാവരും ചേർന്നു നടത്തേണ്ടതാണല്ലോ. എന്നാൽ എല്ലാവരെയും വരുത്തി ഉടനെ ആലോചിക്കുന്നതിന് സമയമില്ലാതിരുന്നതുകൊണ്ട് കോട്ടയം ഭദ്രാസന ഇടവകയിലെ എല്ലാ പട്ടക്കാരും പള്ളി പ്രതിപുരുഷന്മാരും ചേർന്ന് ഈ മാസം 9-ാം തീയതി (ഡിസംബർ 23) ഞായറാഴ്ച പകൽ രണ്ടു മണിക്ക് വള്ളിക്കാട്ട് പള്ളിയിൽ ഒരു യോഗം കൂടണമെന്നു നിശ്ചയിച്ചു നാം ശാസനമയയ്ക്കുകയും അതനുസരിച്ച് ടി. യോഗം നി.വ.ദി.ശ്രീ മലങ്കര ഇടവകയുടെ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ (വട്ടശ്ശേരിൽ തിരുമേനി) തിരുമനസ്സിലെ അധ്യക്ഷതയിൽ കൂടുകയും ചെയ്തു. ബാവാ തിരുമനസ്സിലെ അടിയന്തിരം മുപ്പതാം ദിവസമായ അടുത്ത മകരമാസം 2-ാം തീയതി ചൊവ്വാഴ്ച (1929 ജനുവരി 15) ഏറ്റവും ഭംഗിയായി നടത്തണമെന്ന് തീരുമാനിക്കുകയും വന്നുകൂടിയിരിക്കുന്ന പള്ളിക്കാർ ആയതിലേയ്ക്ക് യഥാശക്തി ദ്രവ്യസഹായം ചെയ്യാമെന്നു സമ്മതിക്കുകയും ചെയ്തു.

ബാവാതിരുമനസ്സിലെ കബറടക്കശുശ്രൂഷ കഴിഞ്ഞതിന്റെ പിറ്റേ ദിവസം (ഡിസംബർ 19 മുതൽ) വാകത്താനത്തു വള്ളിക്കാട്ട് പള്ളിയിൽ വച്ച് ഞങ്ങൾ മേല്പട്ടക്കാർകൂടി സുന്നഹദോസ് നടത്തുകയും, പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിലേയ്ക്ക് പിൻഗാമിയെ തെരഞ്ഞെടുക്കുകയും വിശുദ്ധ സഭയുടെ ഐശ്വര്യാഭിവൃദ്ധിക്കുവേണ്ട പല കാര്യങ്ങളും ആലോചിക്കുകയും ചെയ്തു. കാതോലിക്കാ നിയമനത്തെപ്പറ്റി മേല്പട്ടക്കാരുടെ തീരുമാനം പൊതുജനങ്ങളെ ഗ്രഹിപ്പിക്കേണ്ടതും അവരുടെ മനഃപൂർവ്വമായ സഹായസഹകരണം ഉണ്ടാകേണ്ടതും ആവശ്യമാകയാൽ ആയതിലേക്കായി പൗരസ്ത്യ മഹാ ഇടവകയിൽപെട്ട എല്ലാ പള്ളിക്കാരും ചേർന്നുള്ള ഒരു പൊതുയോഗം അടിയന്തിരദിവസം മൂന്നുമണിക്ക് വള്ളിക്കാട്ടുപള്ളിയിൽ കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു. ആയതിൽ ഈ പൊതുയോഗത്തിലും, മുപ്പതാം ദിവസ അടിയന്തിരത്തിലും സംബന്ധിക്കുന്നതിന് ഓരോ പള്ളിയിൽ നിന്നും പട്ടക്കാരും അയ്മേനികളുമായ പ്രതിനിധികളെ അധികാരപ്പെടുത്തി അയച്ചുകൊള്ളുകയും വേണം.

15-1-1929-ൽ വള്ളിക്കാട്ട് പള്ളിയിൽ വച്ച് നടന്ന വാകത്താനം അസ്സോസിയേഷൻ: തെളിവുകൾ

1. 1963 മാർച്ചിൽ റവ. തോമസ് പി. മുണ്ടുകുഴി ബി.എ.ജി. എസ്. റ്റി. പ്രസിദ്ധീകരിച്ച 'മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ കാതോലിക്കാ സിംഹാസന സഭാ ചരിത്ര സംഗ്രഹം' (കാതോലിക്കാ സിംഹാസന പുനഃസ്ഥാപന സുവർണ്ണ ജൂബിലി സ്മാരകമായി പ്രസിദ്ധീകരിച്ചത്). എന്ന പുസ്തകത്തിൽ 'ഭിന്നത നീങ്ങുന്നു, സ്ഥാപനം വളരുന്നു' എന്ന തലക്കെട്ടോടുകൂടിയ 10-ാം അദ്ധ്യായം 59-ാം പേജിലെ പ്രസക്ത ഭാഗം.

അന്ന് ദ്വിതീയ കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ തിരുമനസ്സിലെ മുപ്പതാം അടിയന്തിരം ആഘോഷമായും ഭക്തിപുരസരമായും കൊണ്ടാടുന്നതിന് അനേകം ഭക്തജനങ്ങൾ വാകത്താനത്തു തടിച്ചുകൂടിയിരുന്നു. ജനങ്ങൾ എല്ലാം ആകാംക്ഷാഭരിതരായി നിമിഷങ്ങൾ തെള്ളിവിടുകയാണ്. ഇവിടെ വച്ചു കൂടുന്ന മലങ്കര അസ്സോസിയേഷൻ തെരഞ്ഞെടുക്കുന്ന തങ്ങളുടെ ഭാവി അനിഷേധ്യ ആത്മീയ നേതാവായ അടുത്ത പൗരസ്ത്യ കാതോലിക്കാ ബാവാ തിരുമേനി ആരാണെന്നറിയുവാൻ."

2. മലയാള മനോരമ : 1929 ജനുവരി 16

കാലം ചെയ്ത മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ഒന്നാമൻ ബാവായുടെ മുപ്പതാം അടിയന്തിരം ഭംഗിയായി നടന്നു. സദ്യ നൽകുവാൻ വാകത്താനത്തും ചുറ്റുമുള്ള ഇടവകക്കാരും അതിനായി സഹകരിച്ചു. സദ്യക്കു ശേഷം മൂന്നര മണിയോടെ മലങ്കര മഹായിടവകയുടെ ഒരു പൊതുയോഗം നി. വ.ദി.ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ അവർകളുടെ അധ്യക്ഷതയിൽകൂടി. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകളും, മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പായും പ്ലാറ്റ്ഫോറത്തിൽ ആസനസ്ഥരായിരുന്നു മെത്രാപ്പോലീത്താമാരും കെ. സി. മാമ്മൻമാപ്പിള, കുറിയാക്കോസ് കത്തനാർ എം.എ.ബി.എസ്., കെ. വി. ചാക്കോ ബി. എ; എം. ഒ. ചാക്കോ ബി.എ.എൽ.റ്റി, ഈ ജോൺ ബി.എ.ബി.എൽ., കെ. എം. മാമ്മൻ വക്കീൽ, പാറേട്ട് മാത്യൂസ് കശ്ശീശ്ശ മുതലായവരുടെ പ്രസംഗങ്ങൾക്കുശേഷം മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകളെ പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്യണമെന്നും, മേല്പട്ടസ്ഥാനത്തേക്കു നിരണത്തുവച്ച് അഭിപ്രായപ്പെട്ടവർക്കു പുറമേ ബഥനി ആശ്രമവാസികളായ വന്ദ്യ ശ്രീ യാക്കോബ് കത്തനാർ അവർകൾക്കും, ഫാദർ അലക്സിയോസ് അവർകൾക്കും മേല്പട്ടം കൊടുക്കണമെന്നുമുള്ള യോഗത്തിന്റെ അഭിപ്രായം രേഖപ്പെടുത്തി. 6 മണിക്ക് യോഗം പിരിഞ്ഞു.

3. മലങ്കര ഇടവകയുടെ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ (വട്ടശ്ശേരിൽ തിരുമേനി) കല്പനയിൽ നിന്ന്

പൗരസ്ത്യ കാതോലിക്കാ മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ മുപ്പതാം അടിയന്തിരം വാകത്താനം വള്ളിക്കാട്ട് പള്ളിയിൽ വച്ചു നടക്കുന്നതിനും അന്നേ ദിവസം പള്ളിപ്രതിപുരുഷന്മാരുടെ ഒരു യോഗം കൂടുന്നതിനും വന്നുചേരണമെന്നും നമ്മുടെ സഹോദരൻ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കല്പന അയച്ചു. അന്ന് എല്ലാ പള്ളികളിൽ നിന്നും വന്നിരുന്ന പ്രതിനിധികളുടെ യോഗം നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി മലങ്കര സഭയ്ക്ക് ശ്രേയസ്ക്കരമായ വിശ്വാസത്തിനും അഭിവൃദ്ധിക്കും വേണ്ടി മലങ്കര കാതോലിക്കാ സ്ഥാപനം നിലനിർത്തി പിൻഗാമിയായി ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ സുന്നഹദോസ് തെരഞ്ഞെടുത്ത വിവരം പ്രസ്താവിച്ചു. തെരഞ്ഞെടുപ്പ് ഐകകണ്ഠ്യേന സമ്മതിക്കുകയും മേല്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുത്ത ബഥനിയുടെ യാക്കോബ് കത്തനാരുടേയും അലക്സിയോസ് കത്തനാരുടേയും നിശ്ചയം പാസ്സാക്കുകയും ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു. (1929 ജനുവരി 16-ന് കോട്ടയം സുറിയാനി സെമ്മിനാരിയിൽ നിന്നും)

ഇങ്ങനെ വ്യക്തമായ തെളിവുകൾ ഉണ്ടായിരുന്നിട്ടും വാകത്താനം അസ്സോസിയേഷൻ എന്തുകൊണ്ട് ചരിത്ര രേഖയിൽ ഉൾപ്പെട്ടില്ല? 1928 ഡിസംബർ 23 -ന് നടന്ന ഇടവക പൊതുയോഗത്തിന്റെ വിപുലതയാകണം പിന്നീട് ഒരു മാസത്തിനുള്ളിൽ നടന്ന അസ്സോസിയേഷനെ രേഖകളിൽ നിന്ന് മറച്ചത്. 1929 ജനുവരി 15-ന് ബാവാതിരുമേനിയുടെ മുപ്പതാം അടിയന്തിര ദിവസം ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് ചേർന്നു മലങ്കര അസ്സോസിയേഷൻ സഭാചരിത്രത്തിൽ സുപ്രധാനമായ സ്ഥാനം അലങ്കരിക്കുന്നുണ്ട്. സഭയുടെ പാരമ്പര്യമനുസരിച്ച് പ. സുന്നഹ്ദോസ് ചേർന്ന് തീരുമാനമെടുത്ത്, ഇടവകപൊതുയോഗം ചേർന്ന് നടത്തിപ്പിനുള്ള ക്രമീകരണങ്ങൾ

# ബാലസഭ

## നടവഴികൾ...

### മരുന്ന്

'ആയുർവേദ ഔഷധങ്ങളും, രോഗ നിവാരണവും" ചെറിയ പുസ്തമാണെങ്കിലും 50-ൽ ഏറെ രോഗങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്. "കൊള്ളാം ഒന്നറിഞ്ഞിരുന്നാൽ ഒരു മുറിവൈദ്യൻ ചമയാമല്ലോ" വർഗ്ഗീസ് കുഞ്ഞ് പുസ്തകം മറിച്ചു തുടങ്ങി. പഠിച്ച് ഡോക്ടറാവാൻ തക്ക ജ്ഞാനമില്ലെങ്കിലും സ്ക്കൂളിൽ വരുന്ന ചെറിയ അസുഖങ്ങൾ കൈകാര്യം ചെയ്യാം.

തലവേദന, വിട്ടുമാറാത്ത ജലദോഷം, സന്ധി വേദന, ഉത്സാഹക്കുറവ്... രോഗലക്ഷണങ്ങൾ വായിച്ച വർഗ്ഗീസ് കുഞ്ഞിന് ഞെട്ടൽ ങ്ഹേ! ഇതൊക്കെ എനിക്കും ഉണ്ടല്ലോ ഈ രോഗത്തിനടിമയാണോ ഞാൻ ദൈവമേ! അടുത്തതിലേക്ക് നോക്കാം കൂടെക്കൂടെയുള്ള പനി, കാൽമരവിപ്പ്, തൊലിപ്പുറത്തെ കറുത്ത പാടുകൾ... ദൈവമേ! വർഗ്ഗീസ് കുഞ്ഞ് അറിയാതെ നിലവിളിച്ചു പോയി ഇപ്പറഞ്ഞ ലക്ഷണങ്ങൾ മിക്കതും ഉണ്ടല്ലോ. രണ്ടാമത്തെ രോഗവും എന്നെ പിടികൂടിയിട്ടുണ്ടോ? ആകെ അഞ്ച് പുറങ്ങൾ വായിച്ചു നിർത്തിയ അവന് വലിയ നിരാശ തോന്നി. അഞ്ച് പുറങ്ങളിലും വിവരിച്ചെഴുതിയ രോഗലക്ഷണങ്ങളിൽ ചിലതൊക്കെ തന്നെ ബാധിച്ചിട്ടുണ്ട്. പരുമലത്തിരുമേനീ, ഗീവർഗ്ഗീസ് പുണ്യാളാ സ്ഥിരം പള്ളിയിൽ പോകുന്ന എന്നെ നീ ഈ മാറാവ്യാധികൾ കൊണ്ട് തകർത്തു കളയരുതേ! അന്ന് അവന് അത്താഴം കഴിക്കാൻ തോന്നിയില്ല. ചെറിയ തലവേദനയോടെ കട്ടിലിൽ മറിഞ്ഞു.

പിറ്റേന്നാൾ ശരിയാകാത്ത ഉറക്കവും ആധിയും മാറാവ്യാധി ഭയവുമായാണ് അവൻ ഇടവകാംഗമായ ജോൺ ഡോക്ടറുടെ അടുത്തെത്തിയത്. സണ്ടേസ്ക്കൂളിന്റെ സജീവ പ്രവർത്തകനായിരുന്നതിനാൽ ഡോക്ടർ അവനെ കാര്യമായി പരിശോധിച്ചു വിവരങ്ങൾ ചോദിച്ചറിഞ്ഞു. ഒടുവിൽ ഗൗരവത്തോടെ പറഞ്ഞു. "നിനക്ക് ഹൈപ്പോകോൺഡ്രിയ" എന്ന അസുഖമാണ് "ദൈവമേ" ജോൺ വല്ലാതെ പിറച്ചുപോയി.

"പേടിക്കാതെ" ചിരിച്ചു കൊണ്ടു ഡോക്ടർ തുടർന്നു. "ഓരോ രോഗലക്ഷണങ്ങൾ കേൾക്കുമ്പോഴും എനിക്ക് ആ ലക്ഷണങ്ങളുണ്ട് എന്നും ആ രോഗമുണ്ട്. എന്നും വിശ്വസിച്ചു തളർന്നു പോകുന്ന രോഗമാണിത്. അങ്ങനെ നോക്കുമ്പോൾ നീ വായിച്ച പുസ്തകമാണ് നിന്നെ ചതിച്ചത്."

"ഹൊ" വർഗ്ഗീസ് കുഞ്ഞിന് പകുതി ജീവൻ വീണു.

"ഡോക്ടർ.... മരുന്ന്...." അവൻ വിക്കി വിക്കി ചോദിച്ചു. "ഇതിനൊരു മരുന്നേ ഉള്ളൂ. ഞാനെഴുതിയ ഒരു പുസ്തകം തരാം മൂന്നു വട്ടം വായിക്കണം ദിവസവും..."

ഡോക്ടർ ഷെൽഫിൽ നിന്നും പുസ്തകമെടുത്തു 'പ്രതിദിന വേദ ധ്യാനം' വറുഗീസ് കുഞ്ഞിന്റെ ചുണ്ടിൽ ഒരു പുഞ്ചിരി തെളിഞ്ഞു .

തോമസ് പി. കൊട്ടാരക്കര

പ്രിയപ്പെട്ട കൊച്ചുകൂട്ടുകാരേ,

എല്ലാവരും പരീക്ഷയുടെ തിരക്കിലായിരിക്കുമല്ലോ. ഒരു വർഷം അദ്ധ്വാനിച്ചതിന്റെ ഫലം കൊയ്യാൻ സമയമായിരിക്കുന്നു. പ്രത്യേകിച്ച് പത്താംക്ലാസ്സിൽ പരീക്ഷയെഴുതുന്നവരെ സംബന്ധിച്ചിടത്തോളം ഇതവരുടെ ജീവിതത്തിൽ ഒരു വഴിത്തിരിവാണ്. എല്ലാ കൂട്ടുകാർക്കും എല്ലാവിധമായ വിജയാശംസകളും നേരുന്നു.

പരീക്ഷയുടെ തിരക്ക് കഴിഞ്ഞാൽ മദ്ധ്യവേനലവധി നമ്മെ തേടി എത്തുകയാണ്. അവധിക്കാലം വെറുതെ പാഴാക്കി കളയാനിടയാകരുത്. നല്ല നല്ല പുസ്തകങ്ങൾ വായിക്കുന്ന ശീലം ഉണ്ടാകണം. വായനശീലം ഇന്നു കുട്ടികളിൽ കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്. നമ്മുടെ അറിവ് വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രധാന സംഗതിയാണ് വായനശീലം. വായിക്കുമ്പോൾ മനസ്സിൽ തട്ടുന്ന കാര്യങ്ങൾ കുറിച്ചിടണം.

പിന്നെ ഈ പ്രാവശ്യം ചേട്ടൻ ഒരു പ്രത്യേക കാര്യം നിങ്ങളോടു പറയുകയാണ് അതായത് നമ്മുടെ ബാലസഭ തുടങ്ങിയിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുകയാണ്. എല്ലാ കൊച്ചുകൂട്ടുകാരും വളരെ സന്തോഷത്തോടെയാണ് ബാല സഭയെ സ്വീകരിക്കുന്നത് എന്ന് ചേട്ടനറിയാം. എങ്കിലും ബാലസഭയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം ചേട്ടനെഴുതുക. നിങ്ങളുടെ സ്ക്കൂൾ, പഠിക്കുന്ന ക്ലാസ്സ്, ഇടവക, സൺഡേസ്ക്കൂൾ ക്ലാസ്സ് അങ്ങനെയുള്ള കാര്യങ്ങൾ എഴുതാൻ മറക്കരുത്. വേദപുസ്തകത്തിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട വാക്യം ഏതാണ് എന്നുകൂടി എഴുതുമല്ലോ. പിന്നെ അഭിപ്രായങ്ങൾ എഴുതുമ്പോൾ നിങ്ങളുടെ പൂർണ്ണമായ വിലാസം എഴുതണം. അതോടൊപ്പം തന്നെ ഫോൺ ഉള്ളവർ ഫോൺ നമ്പർ കൂടി എഴുതാൻ മറക്കരുത്. നിങ്ങളുടെ സംശയങ്ങൾ, നിങ്ങളുടെ സന്തോഷങ്ങൾ, ദുഃഖങ്ങൾ, പ്രാർത്ഥനാ വിഷയങ്ങൾ അങ്ങനെയെല്ലാം ചേട്ടനെഴുതുക. എല്ലാ വിഷയങ്ങൾക്കും ചേട്ടൻ മറുപടി തരുന്നതാണ്. പിന്നെ നിങ്ങളുടെ കൂട്ടുകാരോടൊക്കെ 'മലങ്കരസഭ' മാസികയെക്കുറിച്ച് പറയുവാൻ അവസരമുണ്ടാക്കണം. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്.

സ്നേഹത്തോടെ





## ബുദ്ധിമാൻ




## വഴി കാണിക്കുക



പൂവൻ കോഴിക്ക് കൂട്ടിലെത്താനുള്ള വഴി കാണിക്കുമോ കൂട്ടുകാരേ......

## വചനപാത...

"പിറുപിറുപ്പു കൂടാതെ തമ്മിൽ അതിഥി സല്ക്കാരം ആചരിപ്പിൻ"

1 പത്രോ. 4:9

## കൂട്ടുകാരുടെ രചനകൾ



ജേക്കബ് കോശി റ്റി.
തുണ്ടത്തിൽ



മഹിമ
മാൻഗാഡ്



ജേക്കബ് കോശി
തുണ്ടത്തിൽ



ലിജോ വർഗീസ് (13)
സൂററ്റ്

# ദൈവം എന്തുകൊണ്ട് മൗനമായിരിക്കുന്നു?

അപ്രതീക്ഷിതവും അകാരണവുമായി കഷ്ടപ്പാടുകളും ദുരന്തങ്ങളും ഉണ്ടാകുമ്പോൾ എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്ന ചോദ്യം മനുഷ്യനെ അലട്ടാറുണ്ട്. പ്രത്യേക കാരണങ്ങളോ, വിശദീകരണങ്ങളോ നൽകാൻ കഴിയുന്നില്ല എന്നതാണ് പലരേയും കുഴയ്ക്കുന്ന പ്രശ്നം. ദുഷ്ടന്മാർ തഴച്ചു വളരുന്നതു കാണുമ്പോൾ, നീതിമാൻമാർ ശിക്ഷിക്കപ്പെടുമ്പോൾ, നിഷ്ക്കളങ്കരും, നിർദ്ദോഷികളുമായ കുഞ്ഞുങ്ങൾക്ക് ജന്മനാ വൈകല്യങ്ങൾ ഉണ്ടാകുമ്പോൾ, അപ്രതീക്ഷിതമായി ഭൂകമ്പങ്ങൾക്കും, പ്രകൃതിക്ഷോഭങ്ങൾക്കും ഇരയായി അനേകായിരങ്ങൾ മരിക്കുമ്പോൾ ദയാലുവും, സ്നേഹസമ്പന്നനുമായ ദൈവം എന്തുകൊണ്ടു ഇത്തരം ദുരന്തങ്ങൾ വരുത്തിവയ്ക്കുന്ന എന്ന ചോദ്യം നാം സ്വയം ചോദിച്ചുപോകുന്നു. സങ്കീർത്തനക്കാരൻ ചോദിക്കുന്നതുപോലെ. "യഹോവേ നീ ദൂരത്തു നിൽക്കുന്നതെന്ത്? കഷ്ടകാലത്ത് നീ മറഞ്ഞു കളയുന്നതെന്ത്?" (10:1) എന്ന്..

അത്തരം ഒരു ചോദ്യം ആണ് ഇയ്യോബ് ചോദിച്ചത്. പലസ്തീനു വടക്കുഭാഗത്തുള്ള ഊസ് ദേശത്ത് ബി. സി. 2000–നും 1800–നും ഇടക്ക് ജീവിച്ച നീതിമാനും, ധർമ്മിഷ്ഠനും, സമ്പന്നനുമായ ഒരു കൃഷിക്കാരനായിരുന്നു ഈയ്യോബ്. ആയിരക്കണക്കിന് ആടുമാടുകളും, ഒട്ടകങ്ങളും മറ്റ് വളർത്തുമൃഗങ്ങളും, വലിയ കുടുംബവും, ധാരാളം അനുചരൻമാരും, വേലക്കാരും ഉണ്ടായിരുന്ന ഒരു കുബേരൻ... ദൈവീകമായ എല്ലാ അനുഗ്രഹങ്ങളും സൗഭാഗ്യങ്ങളുമായി ജീവിക്കുമ്പോളാണ് ഇയ്യോബിനെ ഒരു വലിയ പരീക്ഷണത്തിന് വിധേയനാക്കാൻ ദൈവം സാത്താനെ അനുവദിക്കുന്നത്. "അവനെപ്പോലെ നിഷ്ക്കളങ്കനും, നേരുള്ളവനും, ദൈവഭക്തനും, ദോഷം വിട്ടകലുന്നവനും ആയി ഭൂമിയിൽ ആരുമില്ല" എന്നു ദൈവം സാത്താനോട് കല്പിക്കുന്നു. എന്നിട്ടും ദൈവം ഇയ്യോബിനെ സാത്താന്റെ കൈയ്യിൽ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. പിന്നീട് നടന്നതെല്ലാം ചരിത്രമാണ്. ഇയ്യോബിന്റെ പുത്രന്മാർ, വാല്യക്കാർ, ആടുമാടുകൾ, പരിചാരകർ, വീട് എല്ലാം നശിപ്പിക്കപ്പെട്ടു. ശാരീരികമായും ഇയ്യോബിനെ പീഠിപ്പിച്ചു. ഉള്ളംകാൽ മുതൽ നിറുക വരെ പരുക്കുകൾ ബാധിച്ചു. അങ്ങനെ ദൈവദാസനായിരുന്നിട്ടു പോലും ആരോഗ്യമുൾപ്പെടെ കുടുംബവും, സമ്പത്തും എല്ലാം നഷ്ടപ്പെട്ട ഒരു ഹതഭാഗ്യനാണ് ഇയ്യോബ്.

നാല് കാരണങ്ങളാലാണ് മനുഷ്യന് കഷ്ടപ്പാടും, ദുരിതവും ഉണ്ടാകുന്നത് എന്നാണ് വി. വേദപുസ്തകം സമർത്ഥിക്കുന്നത്. ഒന്നാമത്, ഓരോരുത്തരും സ്വയം ചെയ്യുന്ന പാപപ്രവർത്തിയുടെ ഫലം. പാപം ചെയ്യുന്ന ആളാണ് അതിനുത്തരവാദിയെങ്കിലും മറ്റുള്ളവരും അതിന്റെ ഫലം അനുഭവിക്കേണ്ടി വരുന്നു. മദ്യപാനത്തിലൂടെ കുടുംബം നശിപ്പിക്കുന്നതും അസ്സാൻമാർഗ്ഗീക ജീവിതത്തിലൂടെ എയിഡ്സ് പോലുള്ള രോഗങ്ങൾ പരത്തുന്നതും ഇതിനുദാഹരണമാണ്. രണ്ടാമതായി മറ്റുള്ളവരുടെ പാപകർമ്മങ്ങൾ മൂലവും ദുരിതങ്ങൾ ഉണ്ടാകുന്നു. അകൃത്യം ചെയ്യുന്ന വ്യക്തികളോ അതിനവരെ സഹായിക്കുകയോ അനുവദിക്കുകയോ ചെയ്യുന്നവരാണ് ഇതിനുത്തരവാദികൾ. ഭീകരപ്രവർത്തനങ്ങൾമൂലം ഒരു രാജ്യത്തിനുണ്ടാകുന്ന ദുരിതങ്ങൾ ഇതിനുദാഹരണമാണ്. കഷ്ടപ്പാടുകളുടെ മൂന്നാമത്തെ ഉത്ഭവകേന്ദ്രം മനുഷ്യൻ ശ്രമിച്ചാൽ തടാവുന്നതായ ഭൗതീകമായ വിനാശമോ, പ്രകൃതി ദുരന്തങ്ങളോ ആണ്. പാപം ചെയ്യുന്നവരും അല്ലാത്തവരുമായ എല്ലാവരും ഇതിന്റെ ദുരന്തങ്ങൾ ഏറ്റുവാങ്ങുന്നു. മുന്നറിയിപ്പുകളെ അവഗണിക്കുകയും തക്ക സമയത്ത് പ്രതിരോധ നടപടികൾ എടുക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തികൾ ആണ് ഇതിനുത്തരവാദികൾ. പരിസ്ഥിതി നാശവും, പകർച്ച വ്യാധികളും, യുദ്ധം മൂലമുണ്ടാകുന്ന ദുരിതങ്ങളും ഇതിൽപ്പെടുന്നു. മനുഷ്യൻ വിചാരിച്ചാൽ തടയാൻ കഴിയുന്ന ദുരന്തങ്ങളാണിവ. എന്നാൽ എത്ര വിചാരിച്ചാലും തടയാൻ സാധിക്കാത്ത ശാരീരികമായ ക്ലേശങ്ങളും, പ്രകൃതിദുരന്തങ്ങളുമാണ് നാലാമത്തേത്. ചില പ്രത്യേകതരം രോഗങ്ങളും, അപകടങ്ങളും അകാരണമായി എത്രയോ പേരുടെ ജീവൻ അപഹരിക്കുന്നു. ഇടിമിന്നൽ മൂലം ഒരു അക്രമത്യവും ചെയ്യാത്ത എത്രയോ കുഞ്ഞുങ്ങൾ ദിവസവും മരിക്കുന്നു. മനുഷ്യന്റെ പാപപ്രവർത്തിയോ അകൃത്യങ്ങളോ അല്ല ഇത്തരം ദുരിതങ്ങൾക്ക് കാരണം. പിന്നെ ആരാണിതിന് ഉത്തരവാദി? വിധി എന്ന് വിചാരിച്ച് ആശ്വസിക്കാനാണ് എല്ലാവരും ശ്രമിക്കുന്നത്. എന്നാൽ ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല. ഒരു തലമുടിനാരുപോലും കൊഴിഞ്ഞു പോകുന്നില്ല. എല്ലാം സൃഷ്ടാവിന്റെ അറിവോടും അനുവാദത്തോടും കൂടിയാണ് നടക്കുന്നതെന്ന് വി. വേദപുസ്തകം നമുക്കുറപ്പുതരുന്നു. ഒരു പാപവും ചെയ്യാത്ത സ്വന്തം പുത്രന്റെ കഷ്ടപ്പാടുകളെ ക്രൂശുമരണത്തിലൂടെ മഹത്വീകരിച്ച ദൃഷ്ടാന്തമാണ് പിന്നീട് ദൈവം ലോകത്തിനു കാണിച്ചുതന്നത്.

ഈയ്യോബിന്റെ കഷ്ടപ്പാടുകൾ ഇത്തരത്തിൽപ്പെട്ട ഒന്നായിരുന്നു. എന്തുകൊണ്ട് ഒരകൃത്യവും ചെയ്യാതെ ദുരിതങ്ങൾ മാത്രം ഏറ്റുവാങ്ങാൻ ദൈവം തന്നെ കരുവാക്കിയത് എന്നായിരുന്നു ഈയ്യോബിന്റെ പ്രശ്നം. "ഞാൻ എനിക്കുതന്നെ ഭാരമായിരിക്കത്തക്കവണ്ണം നീ എന്നെ ലക്ഷ്യമായി വച്ചിരിക്കുന്നതെന്ത്" (7:20) ഇയ്യോബ് ദൈവത്തോടു ചോദിച്ചു. "തിരുമുഖം മറയ്ക്കുന്നതും നീ എന്നെ ശത്രുവായി വിചാരിക്കുന്നതും എന്തിന്?" (13:24). എന്ന് ഈയ്യോബ് വീണ്ടും ചോദിച്ചു. ദൈവം ഇതിനൊന്നും മറുപടി നൽകിയില്ല. ദുരിതങ്ങൾ സമ്മാനിച്ച വേദനകളെക്കാൾ തന്റെ ചോദ്യങ്ങളോടുള്ള ദൈവത്തിന്റെ ഈ മൗനമാണ് ഈയ്യോബിനെ കുഴച്ചത്. ഈയ്യോബിന്റെ പാപത്തിന്റെ ഫലമായാണ് ഈ ദുരിതങ്ങളൊക്കെയും ഉണ്ടായത് എന്ന തെറ്റായ നിഗമനത്തിലാണ് അദ്ദേഹത്തിന്റെ സുഹൃത്തുക്കൾപ്പോലും ചെന്നെത്തിയത്. (ഈയ്യോബ് 3:1–40). എല്ലാ അനർത്ഥങ്ങളും പാപത്തിന്റെ ഫലമായിരിക്കണമെന്നില്ല. വേദന എപ്പോഴും ശിക്ഷയുമല്ല.

ഈ ചോദ്യങ്ങൾക്കെല്ലാം ഒരുത്തരം ഉണ്ട് എന്നതാണ് സത്യം. എല്ലാ കഷ്ടപ്പാടുകൾക്കും ദൈവീകമായ ഒരുദ്ദേശവും ഉണ്ട്. നമ്മുടെ ഈ ലോകജീവിതത്തിനുള്ളിൽ അതു മനസ്സിലാക്കാൻ

ശേഷം 27–ാം പേജിൽ





കെ. ഐ. ഐസക്ക്, ബാംഗ്ലൂർ

# പരേതാത്മാക്കളെ സംബന്ധിച്ച്

മരണാനന്തരം മനുഷ്യാത്മാക്കൾ ഒന്നുകിൽ പറുദീസയിൽ അല്ലെങ്കിൽ പാതാളത്തിൽ ആയിരിക്കും. അവിടെ നിന്നിറങ്ങി ഭൂമിയിൽ ഊടാടി സഞ്ചരിക്കുവാൻ ഒരാത്മാവിനും സാധിക്കയില്ല. ശവശരീരം സംസ്ക്കരിക്കുന്ന കബറുകളിൽ ഭൗതിക ശരീരത്തിന്റെ ദ്രവിച്ച അവശിഷ്ടങ്ങൾ ഉണ്ടായിരിക്കുമെന്നല്ലാതെ ആത്മാവ് അവിടെ പാർക്കുകയില്ല.

**എങ്കിലും സ്വയനീതീകരണത്താലും അവിശ്വാസത്താലും മനഃസാക്ഷിയെ കഠിനമാക്കുന്നവർ മനഃപരിവർത്തനമില്ലാതെ പരിശുദ്ധാത്മാവിന് വിരോധമായി മോചനം ലഭിക്കാത്ത പാപാവസ്ഥയിൽ നരകയോഗ്യരായി തുടരുന്നപക്ഷം അവർക്ക് അവിടെ നിന്നു രക്ഷ കിട്ടുകയില്ല. കരുണയുടെ കാലം സമാപിക്കുന്ന അന്ത്യന്യായവിധി നാളിൽ നരകാഗ്നിയിലേക്ക് തള്ളപ്പെടുന്ന ശിക്ഷാവിധി പ്രാപിക്കുകയേ ഉള്ളൂ.**

കർത്താവ് പറഞ്ഞ "ധനവാന്റെയും ലാസറിന്റെയും" ഉപമയിൽ (ലൂക്കോ. 16:22) കാണുന്ന പ്രകാരം ലാസർ മരിച്ചപ്പോൾ ദൂതന്മാർ അവനെ അബ്രഹാമിന്റെ മടിയിലേക്കു കൊണ്ടുപോയി. കുരിശിൽ കിടന്ന് അനുതപിച്ച കള്ളന് "നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ഇരിക്കും" എന്ന വാഗ്ദാനമാണ് ലഭിച്ചത് (ലൂക്കോ. 23:43) എന്നാൽ ധനവാൻ മരിച്ചപ്പോൾ അയാളുടെ ആത്മാവ് പാതാളമെന്ന യാതന സ്ഥലത്തേക്കാണ് പോയത്. (ലൂക്കോ. 16:23).

മരിച്ചാൽ ഉടൻ തന്നെ ആരും സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ അല്ല പോകുന്നത്. ദൈവനിഷേധികളായി മനഃപൂർവ്വം പാപപ്രവൃത്തികളിൽ മുഴുകി, സ്വാർത്ഥമതികളായി, ദൈവവിശ്വാസമോ സമസൃഷ്ട സ്നേഹമോ സ്വയപരിശോധനയോ പശ്ചാത്താപമോ ഇല്ലാതെ, സ്വയനീതീകരണ ഡംഭത്തോടെ ജീവിച്ച മനുഷ്യരുടെ ആത്മാക്കളെ മരണാനന്തരം കൂട്ടിക്കൊണ്ടുപോകുവാൻ അവരുടെ ജീവിതകാലത്ത് അവർ ആരെ അനുസരിക്കുകയും സേവിക്കുകയും ചെയ്തിരുന്നുവോ, ആ സാത്താന്റെ കിങ്കരന്മാരായിരിക്കും അവരുടെ മേൽ ഉടമസ്ഥാവകാശം സ്ഥാപിച്ച് കൂട്ടിക്കൊണ്ടു പോകുന്നത്. "ദുഷ്ടന്മാരും ദൈവത്തെ മറക്കുന്നവരും സകല ജാതികളും പാതാളത്തിലേക്ക് തിരിയും" (സങ്കീ. 9:17) "ബുദ്ധിമാന്റെ ജീവയാത്ര മേലോട്ട് പോകുന്നു. അവൻ പാതാളത്തെ ഒഴിഞ്ഞു പോകുന്നു." (സദൃശ. 15:24). ഒരു മനുഷ്യാത്മാവ് അതിന്റെ ഭൂവാസകാലത്ത് ആർജ്ജിച്ചിട്ടുള്ള നന്മതിന്മകളുടെ അനുപാതമനുസരിച്ച് ലഭിച്ചിരിക്കുന്ന കൂട്ടുകാരോടൊന്നിച്ച് പോകാൻ നിർബന്ധിതമാകയാണ്. അവർ ദൈവത്തിന്റെ ദൂതന്മാരോ സാത്താന്റെ ദൂതന്മാരോ ആകാം.

"നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല". (റോമ. 3:10) എങ്കിലും ക്രിസ്തുവിൽ വിശ്വസിച്ച് തന്റെ രക്ഷണ്യബലിയിലുള്ള വീണ്ടെടുപ്പിന്റെ കൃപ സമ്പാദിച്ചിട്ടുള്ളവർ പാപമോചനത്തിന് അർഹരാണെന്നുള്ളതിനാൽ സാത്താന്റെ കിങ്കരന്മാർക്ക് അവരെ പാതാളത്തിന്റെ അടിമയിലേക്ക് അവകാശപ്പെടാൻ സാദ്ധ്യമല്ല. അവർ ക്രിസ്തുവിലും ക്രിസ്തു അവരിലും വസിക്കുന്നു എന്നതിനാൽ ഓയാറിൽ പതിയിരിക്കുന്ന ദുഷ്ടാത്മ സേനകളുടെ പിടിയിൽ പെടാതെ ദൈവദൂതന്മാർ അവരെ പറുദീസയിലേക്ക് ആനയിക്കും. "എന്റെ ശരീരം ഭക്ഷിച്ചെൻ രക്തം പാനം ചെയ്വോൻ, പാതാളത്തിൽ പോകാനായ് വിടാഞ്ഞാൻ..." ക്രിസ്തു അനുശാസിച്ച പ്രകാരം "നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണ പൂർണ്ണരാകുവിൻ" (മത്താ. 5:48) എന്ന പ്രകാരം ആയിട്ടില്ലെങ്കിലും അവരുടെ സത്യവാഞ്ഛയോടു കൂടിയ പ്രവൃത്തികളാലും വിശ്വാസത്താലുമുള്ള നീതീകരണകൃപ പ്രാപിച്ച് പറുദീസാ പൂകുന്ന സത്യവിശ്വാസികളുടെ ആത്മാക്കൾ അവിടെ കാത്തിരിപ്പിന്റെ സഭയിൽ ആത്മ തപനത്താലും ദൈവാരാധനയാലും ക്രിസ്തുവിന്റെ സമൃദ്ധമായ ജീവനിൽ

**20 Death Anniversary**
**On 23-03-2003**



**MR. M. G. OOMMEN**
**Moonnuthengil, Melpadom, Kerala**

"Ninte Mahathwam udikum nal
Nilkanam avar valabhagathil"

*Inserted by:* RACHEL CHEIRAN (Daughter in Law)
CECIL & DENZIL (Grand sons)
MIRA ROAD, MUMBAI

പങ്കാളികളായി ആത്മീയ ജീവനിൽ പുഷ്ടിപ്പെട്ടും, കൂടുതൽ പവിത്രീകരിക്കപ്പെട്ടും, അന്ത്യ ന്യായവിധിയിൽ രക്ഷാവിധി സമ്പാദിച്ച് സ്വർഗ്ഗയോഗ്യരായി തീരുന്നു. അപ്രകാരമല്ലാതെ മരണാനന്തരം മനുഷ്യാത്മാവ് ഭൂമിയിൽ ഊടാടി സഞ്ചരിക്കയില്ല.

മറുവശത്ത്, ദൈവത്തെയോ മനുഷ്യരെയോ സ്നേഹമോ വിശ്വാസമോ ഇല്ലാതെ ദുഷ്പ്രവൃത്തികളിൽ തല്പരരായി ജീവിക്കുന്നവർക്കു ലഭിക്കുന്ന പാതാളത്തിലെ യാതനകളിൽ നിന്ന് ഒരാശ്വാസത്തിനായി, അല്പം ദാഹജലത്തിന് വേണ്ടി പോലും അവിടം വിട്ട് പുറത്തിറങ്ങി സഞ്ചരിക്കുവാനും സാദ്ധ്യമല്ല. ഉപമയിൽ ധനവാന്റെ അനുഭവം കാണുക. (ലൂക്കോ. 15:14, 26).

ദുഷ്പ്രവൃത്തികൾക്കു ദൈവ നീതി പ്രകാരമുള്ള ശിക്ഷയേപ്പറ്റി ബോദ്ധ്യമില്ലാതെയിരിക്കുന്നവേളയിൽ യജമാനൻ കടന്നുവരുകയും ദാസൻ യജമാനനെ അഭിമുഖീകരിക്കുകയും ചെയ്യുമ്പോൾ, അതായത്, മനുഷ്യൻ മരിച്ച് നിത്യതയിൽ പ്രവേശിക്കുമ്പോൾ, "യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ടും ഒരുങ്ങാതെയും അവന്റെ ഇഷ്ടം ചെയ്യാതെയും ഇരുന്ന ദാസൻ വളരെ അടികൊള്ളും. അറിയാതെ അടിക്കു യോഗ്യമായതു ചെയ്ത ദാസൻ കുറയെ അടികൊള്ളും." (ലൂക്കോ. 12:47, 48)

പാതാളത്തിലെ യാതന എന്നേക്കുമുള്ള ശിക്ഷാവിധിയായിരുന്നെങ്കിൽ അതിന് ഏറ്റക്കുറച്ചിൽ ഉണ്ടായിരിക്കയില്ലല്ലോ. കുറ്റത്തിന്റെ ഗൗരവമനുസരിച്ച് ശിക്ഷയുടെ കാഠിന്യവും ദൈർഘ്യവും കൂടിയും കുറഞ്ഞുമിരിക്കുമെന്ന് സിദ്ധിക്കുന്നു. ശിക്ഷ അനുഭവിക്കുന്ന കുറ്റവാളിക്ക് ദോഷപൊറുതി കൊടുക്കുക എന്നത് ന്യായമാണല്ലോ. പാതാളത്തിലെ യാതനകളനുഭവിച്ച് മനം തിരിയുന്നവർക്ക് നല്ലിടയനായ ക്രിസ്തു മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട് (വെളി. 1:18) എന്നുൽഘോഷിച്ച നല്ലയിടയനായ രക്ഷകൻ-നഷ്ടപ്പെട്ടുപോയ ആടിനെ നാശത്തിൽ നിന്ന് വീണ്ടെടുക്കുവാൻ പാതാള ലോകത്തേക്കിറങ്ങി ചെല്ലുന്നവനാകയിൽ, ആത്മതപനത്തോടും വിശ്വാസത്തോടും കൂടെ തന്നിൽ ശരണം പ്രാപിക്കുന്ന ആത്മാവിനെ മാറോടണച്ച് പാതാളത്തിൽ നിന്ന് പറുദീസയിലേക്ക് വീണ്ടെടുക്കുന്നതായിരിക്കും - ആദമിനേയും സന്തതികളേയും പുനരുത്ഥാനത്തിൽ വീണ്ടെടുക്കുന്നതു പോലെ.

എങ്കിലും സ്വയനീതീകരണത്താലും അവിശ്വാസത്താലും മനഃസാക്ഷിയെ കഠിനമാക്കുന്നവർ മനഃപരിവർത്തനമില്ലാതെ പരിശുദ്ധാത്മാവിന് വിരോധമായി മോചനം ലഭിക്കാത്ത പാപാവസ്ഥയിൽ നരകയോഗ്യരായി തുടരുന്നപക്ഷം അവർക്ക് അവിടെ നിന്നു രക്ഷ കിട്ടുകയില്ല. കരുണയുടെ കാലം സമാപിക്കുന്ന അന്ത്യന്യായവിധി നാളിൽ നരകാഗ്നിയിലേക്ക് തള്ളപ്പെടുന്ന ശിക്ഷാവിധി പ്രാപിക്കുകയേ ഉള്ളൂ.

പരേതാത്മാക്കൾ പാതാളത്തിലാണെങ്കിലും പറുദീസയിലാണെങ്കിലും അന്ത്യന്യായവിധിനാൾ വരെയുള്ള കാത്തിരിപ്പിന്റെ അവസരത്തിൽ മുടക്കമില്ലാത്ത സ്വയപരിശോധനയും അനുതാപവും ദൈവാരാധനയും വിശ്വാസതീക്ഷ്ണതയോടെ നിർവ്വഹിച്ച് നീതീകരണ കൃപ പ്രാപിക്കുവാൻ അശ്രാന്ത പരിശ്രമം ചെയ്യേണ്ട കാലഘട്ടമാണിത്. പരേതാത്മാക്കളോട് കരുണ തോന്നുവാൻ സത്യവിശ്വാസികൾ നടത്തുന്ന മദ്ധ്യസ്ഥപ്രാർത്ഥനയും യാഗ കർമ്മാദികളും ഇതിനു സഹായകരമാണ്. ദൈവം മോശയോട് അരുളിചെയ്ത പ്രകാരം, "എനിക്ക് കരുണ തോന്നണം എന്നുള്ളവനോട് കരുണ തോന്നുകയും, എനിക്ക് കനിവ് തോന്നണം എന്നുള്ളവനോട് കനിവ് തോന്നുകയും ചെയ്യും" (റോമ. 9:15) എന്നതിനാൽ നമ്മുടെ വാങ്ങിപ്പോയവരുടെ പേർക്ക് മദ്ധ്യസ്ഥപ്രാർത്ഥനയും വി. കുർബ്ബാനയും അർപ്പിക്കുന്ന സ്നേഹ ബന്ധിതവും അതിപാവനവുമായ ചുമതല നമുക്കുള്ളത് വിസ്മരിച്ചുകൂടാ. പരേതാത്മാക്കളും നിത്യതയിൽ ആത്മ രക്ഷയ്ക്കു വേണ്ടി അതീവ ജാഗ്രതയോടെ ദൈവാരാധനയിൽ ഉറ്റിരിക്കേണ്ട ഈ കാലഘട്ടത്തിൽ അവിടം വിട്ട് ആത്മാക്കൾ ഭൂമിയിൽ ഊടാടി നടക്കുകയാണെന്ന ലാഘവ ചിന്ത ഒരിക്കലും വച്ചു പുലർത്താവുന്നതല്ല. ●

## ബൈബിൾ കടങ്കഥകൾ

**പി.വി. വർഗ്ഗീസ്, കരയാംപറമ്പ്**

രാജനൊരുത്തൻ പണ്ടൊരു കാലം യുദ്ധം ചെയ്തു പല-
രാജ്യങ്ങളെയും വരുതിയിലാക്കി വിലസി ഭരിച്ചൊടുവിൽ
കാലം മാറിയ കാലം വന്നു; രാജാവൊരുകാലം
കാലികളേപ്പോൽ പുല്ലും തിന്നു നടന്നു കഴിഞ്ഞല്ലോ!
മന്നവനിവനുടെ പേരറിയാമോ? ചൊല്ലുവിനല്ലെങ്കിൽ
ദാനിയേലിൻ നാലിൽ മുപ്പതു മൂന്നിൽ നോക്കിടുവിൻ.

ഭൂപതിയൊരുവൻ അടിമകളായൊരുമൂവർ ബാലകരെ
കോപം വന്നൊരു തീക്കുണ്ഡത്തിലെറിഞ്ഞതുമൊരുനാളിൽ!
ആളിക്കത്തും ചൂളയിൽ ബാലകരോടി നടന്നൊട്ടും
പൊള്ളലുപോലു മേൽക്കാതവരും രക്ഷിതരായല്ലോ!
ചൊന്നിടാമോ രാജാവാര്? ബാലകരാരാണ്?
മൂന്നിന്റിരുപത് ദാനിയേലിൽ ഉത്തരമുണ്ടല്ലോ.

*Favours Received*



Roys



Ninan & Family



Mini





# ഞായർദിന ചിന്തകൾ

**ഫാ. പി. എം. സഖറിയ, പള്ളിക്കപ്പറമ്പിൽ**

**ഏപ്രിൽ 20**
**ഈസ്റ്റർ**
**മത്താ. 28: 1–20**

ഉത്ഥിതനായ ക്രിസ്തു

ലോകാരംഭം മുതൽ മനുഷ്യരാശി പ്രതീക്ഷയോടെ കാത്തിരുന്നദിനം. മരണം മനുഷ്യജീവിതത്തിന്റെ അന്തമല്ല എന്നതിന്റെ സൂചനയാണീ ദിവസം. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെയും, മുപ്പതിൽപരം സംവത്സരക്കാലത്തെ മനുഷ്യ ജീവിതത്തിന്റെയും, കുരിശു മരണത്തിന്റെയും എല്ലാം ഫലപ്രാപ്തി ഉയിർപ്പിന്റെ വിജയത്തെ മാത്രമാണാശ്രയിച്ചിരിക്കുന്നത്. മനുഷ്യന്റെ മരണാനന്തര ജീവിതം. മരണത്തിനുശേഷം മനുഷ്യനു പുനരുത്ഥാനമുണ്ടോ? എന്നുള്ള പല ജീവൽ പ്രശ്നങ്ങളേയും ഇതു സാരമായി സ്പർശിക്കുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ ക്രിസ്തീയ വിശ്വാസത്തിന്റെയെല്ലാം മർമ്മം ഉയിർപ്പിലുള്ള വിശ്വാസമാണ്.

കല്ലറയിൽ അടയ്ക്കപ്പെടുവാൻ കഴിയാത്ത സത്യത്തിന്റെ പ്രകാശനമാണ് ക്രിസ്തു എന്ന വസ്തുത ഈ പെരുന്നാളിൽ ഘോഷിക്കപ്പെടുന്നു. മതപരമായ അനുഷ്ഠാനങ്ങളുടെ അതിർവരമ്പുകളെ അതിലംഘിച്ച് നിലകൊള്ളേണ്ട ക്രൈസ്തവ വിശ്വാസത്തിന്റെ തികവിനെയാണ് ഒഴിഞ്ഞ കല്ലറകൊണ്ട് അർത്ഥമാക്കേണ്ടത്. യേശു ക്രൂശിക്കപ്പെട്ട് മരിച്ച ശേഷം ലോകത്തിനെതിരെ വാതിലടച്ച് ഒളിവിൽ കഴിഞ്ഞിരുന്ന ശിഷ്യ സമൂഹത്തിന് പ്രവർത്തന രംഗത്തേക്കു വാതിൽ തുറന്നു കൊടുത്ത വസ്തുതയാണീ കല്ലറ. ക്രിസ്തുവിന്റെ ശരീരമായ സഭ ലോകത്തിന്റെ പരിമിതികളെ അതിജീവിച്ച് നന്മയ്ക്കും സ്നേഹത്തിനും സാർവ്വത്രിക സാക്ഷ്യം വഹിക്കേണ്ട സമൂഹമായി തീരണമെന്നതാണ് ഇതിൽ നിന്നും ഉൾക്കൊള്ളേണ്ട ഗുണപാഠം.

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതിരാവിലെ കല്ലറയ്ക്കൽ ചെന്നു മൃതശരീരത്തിൽ സുഗന്ധദ്രവ്യം പൂശുന്നതിന് എത്തിയ സ്ത്രീകൾ രണ്ടു പ്രശ്നങ്ങൾ നേരിടുന്നു. കല്ലറയ്ക്കലെ വലിയ കല്ല് ആരു നമുക്കു വേണ്ടി ഉരുട്ടിക്കളയും? എന്നതായിരുന്നു ആദ്യത്തെ പ്രശ്നം. എന്നാൽ കല്ല് മാറ്റപ്പെട്ടപ്പോൾ ക്രിസ്തുവിന്റെ മൃതശരീരം നഷ്ടപ്പെട്ടതായി രണ്ടാമത്തെ പ്രശ്നം. മരിച്ചവരിൽ നിന്നുള്ള അവന്റെ ഉത്ഥാനത്തിന്റെ പൊരുൾ ഉൾക്കൊള്ളുന്നതിന് അവർ വൈകിയതിൽ അതിശയിപ്പാനില്ല. മൃതശരീരത്തിൽ സുഗന്ധലേപനം നിർവ്വഹിപ്പാൻ പോയ സ്ത്രീകൾക്കു തുടക്കത്തിൽ ഇച്ഛാഭംഗം ഉണ്ടാക്കിയതിനു കാരണം ഒഴിഞ്ഞ കല്ലറയാണ്.

മാലാഖ ഇറങ്ങി കല്ലുരുട്ടി മാറ്റിയതും, ഭൂചലനമുണ്ടായതും കർത്താവിന് ഉയിർത്തെഴുന്നേറ്റു പുറത്തുവരുവാൻ വേണ്ടിയല്ല; സ്ത്രീകൾക്കും മറ്റും ഈ സംഭവത്തെ കുറിച്ച് അറിഞ്ഞ് അകത്തു കടന്ന് ഒഴിഞ്ഞ കല്ലറകണ്ട് വിശ്വസിക്കുവാൻ വേണ്ടിയാണ്. ഉയിർപ്പിനുശേഷം നമ്മുടെ കർത്താവ് ധരിച്ചതും, നാം ഓരോരുത്തരും ധരിക്കുവാൻ പോകുന്നതുമായ മഹത്വശരീരത്തിനു സ്ഥലകാലങ്ങൾ പ്രതിബന്ധമല്ല.

കല്ലറയ്ക്കുള്ളിൽ കണ്ട മാലാഖ ഗബ്രിയേൽ ആയിരുന്നു എന്നു പറയപ്പെടുന്നു. കർത്താവിന്റെ മനുഷ്യാവതാര സംബന്ധമായ പ്രധാന സന്ദേശങ്ങളെല്ലാം വഹിച്ച ഗബ്രിയേൽ മാലാഖ തന്നെ ഈ അവസരത്തിലും പ്രത്യക്ഷപ്പെട്ടതായി വിചാരിക്കുന്നതു സ്വാഭാവികമാണ്. മറ്റു സുവിശേഷങ്ങളിൽ രണ്ടു മാലാഖമാരെക്കുറിച്ച് പറയുന്നുണ്ട്. മറ്റതു മീഖായേൽ മാലാഖയായിരുന്നു എന്നു പറയപ്പെടുന്നു.

ഉത്ഥിതനായ ക്രിസ്തുവിന്റെ പ്രത്യേകതകൾ താൻ ഉയിർത്തെഴുന്നേറ്റു എന്നു തെളിയിക്കുന്നതിനോ, ലൗകീക വിജയ വീരവാദത്തിനോ ആയിരുന്നില്ല. പ്രത്യുത, തകർച്ചയിലായിരുന്നവർക്ക് ധൈര്യം പകരുന്നതിനും, ദൈവത്തിന്റെ ലോക ദൗത്യം പുതിയ വിധത്തിൽ തുടരുന്നതിനും ആയിരുന്നു.

ഭയപ്പെടേണ്ട..... അവൻ ഇവിടെ ഇല്ല. പറഞ്ഞ പ്രകാരം പുനരുത്ഥാനം ചെയ്തു – ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ ഒരു വാർത്തയാണിത്. ഉയിർപ്പിനുശേഷം അവിടുത്തെ അനുയായികളിൽ കാണപ്പെട്ട ഭാവഭേദം ഉയിർപ്പിന്റെ യാഥാർത്ഥ്യത്തിന് ഒരുത്തമ തെളിവാണ്. കർത്താവിന്റെ ന്യായവിസ്താരം. മരണം ആദിയായ സംഭവങ്ങൾ ശിഷ്യന്മാരെ ക്ഷീണചിത്തരും, നിരാശരുമാക്കിത്തീർത്തെങ്കിലും ഏതാനും

**കല്ലറയിൽ അടയ്ക്കപ്പെടുവാൻ കഴിയാത്ത സത്യത്തിന്റെ പ്രകാശനമാണ് ക്രിസ്തു എന്ന വസ്തുത ഈ പെരുന്നാളിൽ ഘോഷിക്കപ്പെടുന്നു. മതപരമായ അനുഷ്ഠാനങ്ങളുടെ അതിർവരമ്പുകളെ അതിലംഘിച്ച് നിലകൊള്ളേണ്ട ക്രൈസ്തവ വിശ്വാസത്തിന്റെ തികവിനെയാണ് ഒഴിഞ്ഞ കല്ലറകൊണ്ട് അർത്ഥമാക്കേണ്ടത്. യേശു ക്രൂശിക്കപ്പെട്ട് മരിച്ച ശേഷം ലോകത്തിനെതിരെ വാതിലടച്ച് ഒളിവിൽ കഴിഞ്ഞിരുന്ന ശിഷ്യ സമൂഹത്തിന് പ്രവർത്തന രംഗത്തേക്കു വാതിൽ തുറന്നു കൊടുത്ത വസ്തുതയാണീ കല്ലറ. ക്രിസ്തുവിന്റെ ശരീരമായ സഭ ലോകത്തിന്റെ പരിമിതികളെ അതിജീവിച്ച് നന്മയ്ക്കും സ്നേഹത്തിനും സാർവ്വത്രിക സാക്ഷ്യം വഹിക്കേണ്ട സമൂഹമായി തീരണമെന്നതാണ് ഇതിൽ നിന്നും ഉൾക്കൊള്ളേണ്ട ഗുണപാഠം.**

**ഞായർദിന ചിന്തകൾ**

ദിവസങ്ങൾക്കുള്ളിൽ പൂർവ്വാധികം ഊർജ്ജസ്വലരായി അവർ കാണപ്പെടുന്നു.

യേശുവിന്റെ ആത്മാവു മാത്രമല്ല, ശരീരം കൂടിയാണ് ഉയിർത്തത്. കേവലം ആത്മീകം മാത്രമല്ല ഒരു ഉയിർപ്പിലല്ല നാം വിശ്വസിക്കേണ്ടത്. യേശു, സാക്ഷാൽ ദൈവമെന്നുള്ള നിലയിൽ എന്നാലും ജീവനോടിരിക്കുന്നു എന്നല്ല, സാക്ഷാൽ മരണം അനുഭവിച്ച യേശു എന്ന മനുഷ്യൻ ഉയിർത്തെഴുന്നേറ്റു എന്നാണ് നാം വിശ്വസിക്കേണ്ടത്. മനുഷ്യനായി തീർന്ന കർത്താവ് നാമെല്ലാവരുടേയും പ്രതിനിധിയായി മരിച്ച്, ഉയിർത്ത് ഒരു മഹത്വ ശരീരം ധരിക്കുകയും, അതിനെ ദൈവവുമായി സംയോജിപ്പിക്കുകയും ചെയ്തിരിക്കുന്നു. അവിടുത്തെ നാമത്തിൽ വിശ്വസിച്ച് അവിടത്തോടു നാം സാധർമ്മ്യം പ്രാപിക്കുമ്പോൾ നാമും അതിനർഹരായി തീരും.

## ഏപ്രിൽ 27
## പുതുഞായർ
## യോഹ. 20: 19–31

ഉത്ഥിതനായ യേശു ഭയചകിതരായി അടഞ്ഞമുറിയിൽ കഴിഞ്ഞുകൂടിയ തന്റെ ശിഷ്യരെ അഭിവാദനം ചെയ്യുന്ന വാക്കുകളാണ് ഇന്നത്തെ ഏവൻഗേലിയോൻ. ഈ സംഭവം വി. മർക്കോസും (16), ലൂക്കോസും (24) വിവരിക്കുന്നെങ്കിലും ഈ സുവിശേഷത്തിൽ കൂടുതലായ ചില വിശദീകരണങ്ങൾ നൽകപ്പെട്ടിരിക്കുന്നു. നിങ്ങൾക്കു സമാധാനം എന്നാണ് യേശു തമ്പുരാൻ ശിഷ്യരോട് പറഞ്ഞത്. തകർക്കപ്പെട്ടവനാണെങ്കിലും ഉയിർത്തെഴുന്നേറ്റ യേശു തന്റെ തകർച്ചയെ മുൻ നിർത്തി ശിഷ്യർക്കു നൽകുന്ന ഉറപ്പാണ് സമാധാനം. ക്രിസ്തുവിന്റെ തകർച്ച ലോകത്തിന്റെ മുറിവുകളെ സൗഖ്യമാക്കുവാൻ പര്യാപ്തമാണ് എന്നാണ് ഒരു പാശ്ചാത്യ ചിന്തകൻ പറഞ്ഞിരിക്കുന്നത്.

ആദിയിൽ ആദാമിൽ ജീവശ്വാസം ഊതിയതുപോലെ ഇവിടെ കർത്താവ് പുതിയ ജീവന്റെ ശ്വാസം ശിഷ്യന്മാരിൽ ഊതുന്നു. ഇതിനെ അനുകരിച്ചാണ് ഇന്നു വി. മാമോദീസാ സമയത്ത് പട്ടക്കാരൻ സ്നാനാർത്ഥിയുടെമേൽ ഊതുന്നത്. നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ എന്നുള്ളത് ശിഷ്യന്മാർക്ക് അവിടുന്ന് നൽകിയ ആത്മീയ നൽവരത്തിന്റെ–പട്ടത്വത്തിന്റെ പൂർത്തീകരണത്തിനായി ഇവിടെ പരിശുദ്ധാത്മാവിനെ നൽകുന്നു. മുൻപ് ശ്ലീഹന്മാരെ ഈ രണ്ടുപേരായി അയച്ച സമയത്ത് പൗരോഹിത്യത്തിന്റെ പ്രഥമപടിയിലേക്ക് – മ്ശംശോനൂസോ – അവരെ ആനയിച്ചു. ഈ സംഭവം അവരെ ദ്വിതീയപടിയിലേക്ക് – കൊഹനൂസൊ – ഉയർത്തുന്നതായി ഗണിക്കുന്നു.

ആചാര്യത്വ നൽവര ദാനത്തെ തുടർന്നു പാപമോചനാധികാരവും നൽകുന്നു. അപ്പോസ്തോലിക ഗണത്തിനു പൊതുവായിട്ടാണ് ഈ അധികാരം നൽകുന്നത്. മനുഷ്യർക്കു പ്രാപ്യമെന്നു മനുഷ്യാവതാര കാലത്ത് അവിടുന്ന് പ്രവർത്തിച്ചു കാണിച്ചിട്ടുള്ള ഈ അധികാരം (മത്താ. 9:1–8) വളരെ സ്പഷ്ടമായ രീതിയിൽ ഇവിടെ ശ്ലീഹന്മാർക്കും അവർ വഴിയായി പട്ടക്കാർക്കും നൽകുന്നു. മനുഷ്യരുടെ പാപസ്വഭാവവും, ദൈവത്തിന്റെ പാപമോചനം നൽകുവാനുള്ള അവകാശവും ഗൗരവമായെടുത്തു മുന്നോട്ടു നീങ്ങേണ്ട ഒരു ശുശ്രൂഷയ്ക്കു യേശു തന്റെ ശിഷ്യസമൂഹത്തെ ഒരുക്കുകയാണ്. വി. സഭയാൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന നിയമാനുസരണമായ മാർഗ്ഗങ്ങളിൽ കൂടി ഈ അധികാരം പ്രയോഗിക്കപ്പെടുമ്പോൾ ദൈവത്താൽ അതു സ്ഥിരീകരിക്കപ്പെടുകയും ചെയ്യും.

ഈ വായനയുടെ മറ്റൊരു ഭാഗം, വിശ്വാസ ജീവിതത്തിൽ പുറകോട്ടുപോയ സംശയാലുവായ തോമായെ യേശുതമ്പുരാൻ വിശ്വാസത്തിലുറപ്പിക്കുന്നതാണ്. വാക്കുകൾ വളരെ കുറവെങ്കിലും വളരെയധികം അർത്ഥവും വ്യാപ്തിയുമുള്ള ഒരു വിശ്വാസ പ്രഖ്യാപനമാണ് വി. തോമസിന്റെ, "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്നുള്ളത്. എല്ലാം ഉപേക്ഷിച്ച് യേശുവിന്റെ ശിഷ്യരായിരിപ്പാൻ തുടങ്ങിയവർക്ക് തങ്ങളുടെ ഗുരുവിന്റെ ക്രൂശുമരണം ഭീതിയുടെ കരിനിഴൽ ഉളവാക്കി. യേശു മരിച്ചതിന്റെ നഷ്ടബോധവും അവർക്ക് ഏതുസമയവും എന്തും വന്നുഭവിക്കുമെന്നുള്ള ഭയാശങ്കയും പരാജയബോധവും ഉണ്ടായിരുന്നു. നിരാശരായ ശിഷ്യന്മാർ മുറിവേറ്റ മനസിന്റെയും, നഷ്ടപ്പെട്ട ആത്മാഭിമാനത്തിന്റെയും അസുഖകരമായ ഓർമ്മകളുടെയും മാത്രം ഉടമകളായിമാറി, അവർക്ക് അഭയമായിരുന്ന മാളികമുറിയിൽ അവർ വാതിൽ അടച്ചിരിക്കുകയാണ്. തോമസ് ഒഴികെയുള്ളവർ മുമ്പേ തന്നെ യേശുവിനെ കാണുകയും വിശ്വസിക്കുകയും ചെയ്തു. ഏകനായിരുന്നവന് സംശയം. ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്ത് കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കുകയില്ല എന്നു പറഞ്ഞ തോമസിന് യേശു, പ്രത്യക്ഷനാകുന്നതും, അവൻ തനിയെ ഇരിക്കുമ്പോഴല്ല, സഹ വിശ്വാസികളുമായി ഒന്നിച്ച് ആയിരിക്കുമ്പോഴാണ്.

സംശയാലു ആയിരുന്നെങ്കിൽത്തന്നെയും, തന്റെ മനസിലെ സംശയവും അനിശ്ചിതാവസ്ഥയും മാറി വിശ്വാസ സ്ഥിരതയ്ക്കായി തോമസ് ആഗ്രഹിച്ചു. ഉയിർത്ത കർത്താവിന്റെ ദർശന മാത്രയിൽ തോമസിന്റെ സംശയം അസ്തമിച്ചു വിശ്വാസം വന്നു, തോമാശ്ലീഹായുടെ വലത്തു കൈയ്യിലെ രണ്ടു വിരലുകൾ ഒരുമിച്ച് ചേർന്ന് പെട്ടയായിരുന്നു. അദ്ദേഹത്തിന് 'ഇരട്ട' എന്നു പേരുവരാനുള്ള കാരണം ഇതായിരുന്നു. കർത്താവിനെ സ്പർശിച്ച സന്ദർഭത്തിൽ പ്രസ്തുത വിരലുകൾ അത്ഭുതകരമായി വേർപെട്ടതായി സഭാ പാരമ്പര്യത്തിലുണ്ട്.

തോമസിന്റെ വിശ്വാസ പ്രഖ്യാപനത്തിലൂടെ, ഉയർത്തെഴുന്നേറ്റ കർത്താവിന്റെ പൂർണ്ണ അധികാരവും, പൂർണ്ണ ദൈവത്വവുമാണ് അദ്ദേഹം ഏറ്റുപറഞ്ഞത്. ഈ പരിപക്വമായ വിശ്വാസമായിരിക്കണം നാമോരോരുത്തരുടേയും സഭാ ദൗത്യനിർവ്വഹണത്തിൽ നമ്മുടെ ഏറ്റുപറച്ചിലിനു അതിന്റേതായ പ്രസക്തിയുണ്ടെന്ന വസ്തുത നാം മറക്കരുത്.

## മെയ് നാല്
## പുതുഞായറാഴ്ചയ്ക്കു ശേഷം ഒന്നാം ഞായർ
## യോഹ. 21: 1–14

ഉയിർത്തെഴുന്നേറ്റ ക്രിസ്തു, പിൻമാറിപോകുന്നവരെ തേടി യഥാസ്ഥാനപ്പെടുത്തുന്നവനാണ് എന്നുള്ള സന്ദേശം തരുന്ന വേദഭാഗമാണിത്. യേശു തിബെര്യാസ് കടൽക്കരയിൽ പ്രത്യക്ഷനായി പത്രോസ് ആദിയായ ശിഷ്യന്മാരുടെ നിസ്സഹായാവസ്ഥയിൽ സഹായിപ്പാനായി അവരുടെ സമീപത്തേക്ക് എത്തുന്നു. ഒരിക്കൽ പരാജയപ്പെട്ടവരെ ദൗത്യം വീണ്ടും ഏൽപ്പിച്ചെന്നു മാത്രമല്ല, അത് നിർവഹിക്കാനുള്ള ശക്തിയും യേശു നൽകുന്നു.

"ഞാൻ മീൻ പിടിക്കുവാൻ പോകുകയാണ്" എന്നു ശെമവൂൻ കീപ്പാ പറയുന്നത് അവർ കർത്താവിന്റെ ജോലി ഉപേക്ഷിച്ചതു കൊണ്ടോ; നിരാശയുടെ ഫലമായിട്ടോ അല്ല. അവർക്ക് ആ കാലത്തു പ്രത്യേകമായ ജോലിയൊന്നും ഉണ്ടായിരുന്നില്ല. പ്രായേണ ദരിദ്രന്മാരായിരുന്ന അവർക്കു നിത്യവൃത്തിക്കും ബുദ്ധിമുട്ടായിരിക്കണം. ഈ പരിതഃസ്ഥിതിയിൽ തങ്ങൾ പരിശീലിച്ചിരുന്ന തൊഴിൽ ഉപജീവനമാർഗ്ഗത്തിനായി നടത്തുവാൻ പോകുന്നു. മനുഷ്യരെ പിടിക്കേണ്ട ദൗത്യത്തിൽ നിന്നും പിൻമാറിയ പത്രോസിനെ കടലിൽ കണ്ടെത്തുകയും യഥാസ്ഥാനപ്പെടുത്തുകയുമാണ് കർത്താവ് ചെയ്യുന്നത്.

പരിചിതമായ കടലും, തൊഴിലും ആയിരുന്നെങ്കിലും മനുഷ്യരെ പിടിക്കേണ്ട പത്രോസ് വീണ്ടും മീൻ പിടുത്തത്തിൽ പോയതിന്റെ ഫലമോ? ഒന്നും കിട്ടിയില്ല. – കർത്താവിന്റെ സാന്നിധ്യമില്ലാതിരുന്ന ആ രാത്രികാലം പഴയനിയമകാലത്തെ സൂചിപ്പിക്കുന്നു. അതായത്, പഴയനിയമ കാലത്തെ ന്യായപ്രമാണ ശുശ്രൂഷകൾ മനുഷ്യാത്മാക്കൾക്ക് രക്ഷ നൽകുവാൻ പര്യാപ്തമല്ലായിരുന്നു – പരിചിതമായ വേലയും വിദ്യകളും പ്രയോഗിച്ച് ക്ഷീണിച്ച സഭയിലും സമൂഹത്തിലും ഉള്ള അനേകം സഭാ പ്രവർത്തകർക്കും ഇവിടെ ഒരു ഗുണപാഠമുണ്ട്. ദൗത്യത്തിൽ വ്യഗ്രതയുണ്ടെങ്കിലും, യേശുവിനെക്കൂടാതെയുള്ള പ്രവർത്തനങ്ങൾ നിഷ്ഫലവും, നിരാശാജനകവുമാണ്.

4–ാം വാക്യത്തിലുള്ള പ്രഭാത കാലവും, കർത്താവിന്റെ പ്രത്യക്ഷതയും പുതിയ നിയമത്തിന്റെ പ്രാരംഭത്തെ സൂചിപ്പിക്കുന്നു. നീതിയുടെ മഹാസൂര്യനായ മശിഹാ തമ്പുരാൻ ഈ പ്രഭാത സമയത്തുതന്നെ വീണ്ടും പ്രത്യക്ഷപ്പെടും എന്നുള്ളത് സഭയുടെ വിശ്വാസം കൂടിയാണ്.

പിൻമാറ്റത്തിലേക്കു പോകുന്നവരെ അടുപ്പിക്കുന്നതിനായി അവരുടെ സമീപത്തേക്കു വന്ന് സ്നേഹസംഭാഷണത്തിനു തയ്യാറാകുന്ന യേശുവിനെ വേണ്ടവണ്ണം ശിഷ്യന്മാർക്ക് മനസിലാകുന്നില്ല. കുഞ്ഞുങ്ങളേ കൂട്ടുവാൻ വല്ലതും ഉണ്ടോ? എന്ന ചോദ്യം അവരുടെ ആവശ്യത്തെയും നിസ്സഹായതയെയും, അവിടുത്തെ സഹായത്തിന്റെ ആവശ്യകതയെയും കുറിച്ച് അവർക്ക് ബോധമുണ്ടാക്കുവാൻ വേണ്ടിയാണ് ചോദിച്ചത്. യേശു അവരുടെ ആവശ്യമറിഞ്ഞ് ഉപദേശകനായി, വഴി കാട്ടിയായി തീരുന്നു.

'പടകിന്റെ വലതുഭാഗത്തു വലവീശുവീൻ' എന്ന് യേശു അവരോട് നിർദ്ദേശിക്കുന്നു തൽഫലമായി അവർക്കു വലിയ പ്രതിഫലം സിദ്ധിക്കുകയും ചെയ്യുന്നു. വലതുഭാഗത്തു വലവീശുന്നത് ഇടത്തേതിൽ നിന്നും വലത്തേതിലേക്ക് – തിന്മയിൽ നിന്നും നന്മയിലേക്ക് ഉള്ള പരിവർത്തനത്തെ സൂചിപ്പിക്കുന്നു. ഈ ആഹ്വാനത്തെ ആദരിച്ചതിന്റെ ഫലമായി ശാരീരികവും ആത്മീയവുമായ രണ്ടു തരം പ്രയോജനങ്ങളും അവർക്കു ലഭിക്കുന്നു. ഒന്നാമതായി കർത്താവിനെ തിരിച്ചറിയുവാനും ഇടയാകുന്നു.

ഉത്ഥിതനായ ക്രിസ്തുവിനെ തിരിച്ചറിഞ്ഞശേഷം ശെമവൂന്റെ പ്രവൃത്തി അദ്ദേഹത്തിന്റെ സ്വഭാവത്തിനു വളരെ അനുയോജ്യമാണ്. നഗ്നനായിരുന്ന കീപ്പാ ഉടൻ വസ്ത്രം ചുറ്റി കടലിൽ ചാടി ഇരുന്നൂറു മുഴത്തോളം നീന്തി യേശുവിന്റെ അടുക്കൽ എത്തുന്നു. പത്രോസിന്റെ നഗ്നതയെ അപ്പോഴത്തെ അവന്റെ വരണ്ട ആദ്ധ്യാത്മിക അവസ്ഥയായും, വസ്ത്രം ചുറ്റുന്നത് മാനസാന്തരമായും, കടലിൽ ചാടുന്നത് വെള്ളത്താലുള്ള ശുദ്ധീകരണമായും ഇരുന്നൂറു മുഴം അനുതാപത്തിന്റെ ആഴമായും ചിത്രീകരിക്കുന്ന പ. പിതാക്കന്മാർ ഉണ്ട്.

കരയ്ക്ക് എത്തിയ ശിഷ്യർക്കു അവരെ തേടിയെത്തിയ കർത്താവ് ശിഷ്യന്മാരുടെ സഹായം കൂടാതെ പ്രാതൽ ഒരുക്കിയത് വി. കുർബ്ബാനയുടെ സൂചനയുമാണ്. ഈ മേശ, അവിടുത്തെ അറിയുകയും അനുസരിക്കുകയും ചെയ്യുന്നവരുടെ ആവശ്യങ്ങളെ അവിടുന്ന് അവരറിയാതെതന്നെ നിർവ്വഹിച്ചു കൊടുക്കുമെന്നുള്ളതിന്റെ സൂചനയുമാണ്.

**ഞായർദിന ചിന്തകൾ**

ഈ മീൻപിടുത്തം കർത്താവു സ്ഥാപിക്കുന്ന സഭയുടെ ഒരു ഉത്തമമാതൃകയാണ്. സമുദ്രം ലോകത്തേയും, വല സുവിശേഷ പ്രസംഗത്തേയും, മത്സ്യം ലോകത്തിൽ മുഴുകി കിടക്കുന്ന മനുഷ്യ ജാതിയേയും ഉദാഹരിക്കുന്നു. 153 തരം മത്സ്യങ്ങൾ ക്രിസ്തുസഭയുടെ സാർവ്വത്രികതയെ സൂചിപ്പിക്കുന്നു. വല കീറാതിരുന്നത് സഭയുടെ ഉറപ്പിന്റെ സൂചനകൂടിയാണ്. എത്ര വലിയ ഭാരവും വഹിക്കുവാൻ അതു ശക്തമാണ്. കർത്താവിന്റെ സാന്നിധ്യവും, സഹായവും ഉള്ളിടത്തോളം കാലം അതിനു യാതൊരു കേടും സംഭവിക്കുകയില്ല.

നമ്മുടെ ജീവിതവും പ്രവർത്തനങ്ങളും കർത്താവിന്റെ ദൗത്യബോധം നിറവേറ്റുന്ന രംഗങ്ങളായി തിരിച്ചറിഞ്ഞ് കർത്തൃസാന്നിധ്യ ബോധത്തിൽ ജീവിപ്പാൻ ഇടയാക്കണമേ എന്നു പ്രാർത്ഥിക്കാം.

## മെയ് 11
## പുതുഞായറാഴ്ചയ്ക്കു ശേഷം രണ്ടാം ഞായർ
## യോഹ. 21: 15–19

ഇന്നത്തെ ഏവൻഗേലിയോൻ കഴിഞ്ഞ ഞായറാഴ്ചത്തെ വായനയുടെ തുടർച്ചയാണ്. പത്രോസിനെ യഥാസ്ഥാനപ്പെടുത്തുന്ന മനഃശാസ്ത്രപരമായ സമീപനമാണ് ഇവിടെ യേശുവിന്റേത്. പ്രാതൽ കഴിച്ചശേഷമുള്ള നിശബ്ദതയെ ഭേദിച്ചുകൊണ്ടാണ് യേശു ഈ സംഭവത്തിലെ സുപ്രധാനമായ ചോദ്യങ്ങൾ ചോദിക്കുന്നത്.

മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞവനെ (18:15–27) മൂന്നു പ്രാവശ്യം ഉറപ്പിക്കുന്നു 'ഏതു തള്ളിപ്പായാലും സമ്പൂർണ്ണമാണ്, ഭാഗികമല്ല. അതുകൊണ്ട് സമ്പൂർണ്ണ

# വിശ്വാസപാഠം - ഫെബ്രുവരി 2003 ലക്കത്തിന് ഒരനുബന്ധം

പ്രൊഫ. ജി. എം. തരകൻ, നെല്ലിക്കുന്നം

വിശുദ്ധകുർബാനയുടെ സ്ഥാപനത്തെപ്പറ്റിയുള്ള സംശയം തീരുന്നതിന് സമവീക്ഷണ സുവിശേഷങ്ങളിലും സെന്റ് പോളിന്റെ ലേഖനങ്ങളിലും ഉള്ള ഭാഗങ്ങൾ മാത്രം നോക്കിയാൽ പോരാ. വി. യോഹന്നാന്റെ സുവിശേഷത്തിലെ 6-ാം അധ്യായം 26-ാം വാക്യം മുതലുള്ള ഭാഗങ്ങൾകൂടി സൂക്ഷ്മമായി പഠിക്കണം ഈ ഭാഗത്ത് പാപിയായ മനുഷ്യൻ ആത്മരക്ഷ പ്രാപിക്കാൻ എന്തു ചെയ്യണമെന്ന് തറപ്പിച്ചു പറഞ്ഞതുകൊണ്ടാവാം സെ. ജോൺ സുവിശേഷത്തിന്റെ ഒടുവിൽ വിശുദ്ധ കുർബ്ബാന സ്ഥാപനത്തേക്കുറിച്ച് എടുത്തു പറയാഞ്ഞത്. അപ്പം തിന്നു തൃപ്തരായതുകൊണ്ടു മാത്രം ക്രിസ്തുവിനെ അനുഗമിച്ച ജനത്തോട് പാപ പരിഹാരവും നിത്യജീവനും ലഭിക്കേണ്ടതിന് അവർ തിന്നേണ്ട അപ്പത്തേക്കുറിച്ചും കുടിക്കേണ്ട പാനീയത്തേക്കുറിച്ചും ഇവിടെ വ്യക്തമാക്കുന്നുണ്ട്. ഈ അപ്പം മോശമുഖാന്തിരം യിസ്രായേൽ ജനത്തിനു മരുഭൂമിയിൽ കൊടുത്ത മന്നാ പോലെയല്ല. മന്നാ തിന്ന അവരുടെ പിതാക്കന്മാർ ഒക്കെയും മരിച്ചു - ദൈവത്തിൽ നിന്നകന്നുപോയി. മനുഷ്യപുത്രൻ ജനത്തിനു കൊടുക്കുന്ന അപ്പം നിത്യജീവങ്കലേക്ക് നില നില്ക്കുന്ന ആഹാരമാണ്. ദൈവത്തിന്റെ അപ്പമോ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് ലോകത്തിനു ജീവനെ കൊടുക്കുന്നതാകുന്നു എന്നും, ഞാൻ ജീവന്റെ അപ്പമാകുന്നു എന്നും കർത്താവ് കല്പിച്ചു. (st. john 6:33,35) ഇതു കേട്ട് യഹൂദന്മാർ പിറുപിറുത്തു. ഇന്നും ഇതുതന്നെ സ്ഥിതി. കർത്താവ് അവരോടു പറഞ്ഞു" ആമേൻ ആമേൻ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ ജീവന്റെ അപ്പമാകുന്നു. (St. John 6:47) സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു "ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും, ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവനു വേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു. എന്റെ മാസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പം ഇതാകുന്നു. പിതാക്കന്മാർ തിന്നുകയും മരിക്കയും ചെയ്തതു പോലെയല്ല, ഈ അപ്പം തിന്നുന്നവർ എന്നേക്കും ജീവിക്കും. (St. John 6:4758).

ഈ ശരീര രക്തങ്ങൾ പാപമോചനത്തിനായും നിത്യ ജീവനായിട്ടുമാണ് നൽകപ്പെടുന്നത് കർത്താവ് കൊടുത്ത ശരീര രക്തങ്ങൾ അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിഞ്ഞതാണ്. (St. Mathew 26:28, St. Mark 14:24). പെസഹാ ഭക്ഷണം കഴിഞ്ഞ് വിശുദ്ധ കുർബാന സ്ഥാപിക്കുമ്പോൾ കൂടെ 11 ശിഷ്യന്മാർ മാത്രമാണുണ്ടായിരുന്നത്. അത് അനേകർക്കുവേണ്ടി ചൊരിയുന്ന രക്തമായിത്തീരുന്നതെങ്ങനെ? മിസ്രയീമ്യ അടിമത്തത്തിൽ നിന്നും വിടുതൽ ലഭിക്കുവാൻ യിസ്രയേല്യർ പെസഹാ കുഞ്ഞാടിന്റെ മാംസം തിന്നുകയും രക്തം അടയാളമായി പുരട്ടിയ കട്ടളക്കാലിന്റെ മറവിൽ വീട്ടിനുള്ളിൽ വസിക്കയും വേണം എന്ന് കല്പിച്ചിരുന്നു. തലമുറ തലമുറയായും നിത്യനിയമമായും ആചരിക്കണമെന്നും വാഗ്ദത്ത ദേശത്ത് എത്തിയശേഷവും അത് ആചരിക്കണമെന്നും കല്പിച്ചിരുന്നു. (പുറ. 12:14, 25). കോരിന്ത്യ ലേഖനത്തിൽ സെന്റ് പോൾ പറയുന്നത് നമ്മുടെ പെസഹാ കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു തന്നെ" എന്നാണ്. (1 കൊ. 5:7) ഈ മാംസവും രക്തവും ബദ്ധന്മാർക്ക് വിടുതലിനു വേണ്ടി സ്വർഗ്ഗത്തിലെ ദൈവം ഒരുക്കിയ പരിഹാര മാർഗ്ഗമാണ്. ഞാൻ വരുവോളം എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്‌വിൻ എന്നും അയോഗ്യമായി ഇത് തിന്നുകയും കുടിക്കയും ചെയ്യുന്നവൻ കുറ്റക്കാരൻ ആകുമെന്നും കല്പിച്ചു. (1 കൊ. 15:25-28) കർത്താവ് ഒരുക്കിയ രക്ഷാകര ശുശ്രൂഷ അതുപോലെ തന്നെ തലമുറകളായി ആചരിക്കണമെന്നും അതു രക്ഷാകര ത്യാഗത്തിന്റെയും യാഗത്തിന്റെയും ഓർമ്മയ്ക്കാണെന്നുമാണ് കല്പന. നവീകരണ ചിന്താഗതി വരെയും അതങ്ങനെ തന്നെയായിരുന്നു. പൗരോഹിത്യ അധികാരത്തിന്റെ ദുർവിനിയോഗം നവീകരണ ചിന്താഗതിക്ക് പിൻബലമായി.

പഴയനിമയമകാലത്ത് മഹാപുരോഹിതൻ ആണ്ടിൽ ഒരിക്കൽ യാഗരക്തവുമായി അതിപരിശുദ്ധ സ്ഥലത്ത് കടന്നുചെന്ന് ജനത്തിന്റെ പാപപരിഹാരത്തിനുവേണ്ടി പ്രായശ്ചിത്തം കഴിച്ചു വന്നു. (ലേവ്യ. 16). ഈ കൃപായുഗത്തിൽ അറുക്കപ്പെട്ട കുഞ്ഞാടിന്റെ രക്തവുമായി നിത്യമഹാപുരോഹിതനായ ക്രിസ്തു ഇന്നും പ്രായശ്ചിത്തം കഴിച്ചു കൊണ്ടിരിക്കുന്നു. "വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു. (റോമർ 3:25) റോമർ 8:34, എബ്രായ 10:13 തുടങ്ങിയ ഭാഗങ്ങൾ നിത്യ വർത്തമാനകാലത്തിൽ എഴുതിയിരിക്കുന്നു." വിശുദ്ധ യോഹന്നാനേ ഇവിടെ കയറിവരിക എന്നു വിളിച്ചു സ്വർഗ്ഗത്തിൽ കയറ്റിയപ്പോൾ അവിടെ അവൻ കണ്ട കാഴ്ച "ഞാൻ സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഒരു കുഞ്ഞാട് അറുക്കപ്പെട്ടതുപോലെ നില്ക്കുന്നതു കണ്ടു. (Rev. 5: 6). ഇതുപോലെ അനേക ഭാഗങ്ങൾ വെളിപ്പെടുത്തുന്നത് ക്രിസ്തുവിന്റെ പാപപരിഹാരബലി മനുഷ്യരുടെ കൺമുമ്പിൽ മുമ്പ് നടന്നതും ഇന്ന് ദൈവമുമ്പാകെ തുടരുന്നതുമാണെന്നല്ലേ?. ഇത് ഈ കൃപായുഗത്തിന്റെ അവസാന നിമിഷം വരെ തുടരും വിശുദ്ധാരാധനയിൽ നാം കാണുന്നത് മനുഷ്യരുടെ വീണ്ടെടുപ്പിന് ദൈവം ഒരുക്കിയ രക്ഷാകര ബലിയുടെ ഒരു ആത്മ ചിത്രമാണ്. അത് വെറും ഓർമ്മയല്ല ഒരുസംഭവത്തിന്റെ സജീവവും ചൈതന്യമുള്ളതുമായ പ്രതിഫലനമാണ്.

യോഹന്നാൻ 6-ന്റെ 63-ാം വാക്യത്തിൽ മാംസം ഒന്നിനും ഉപകരിക്കുന്നില്ല, ജീവിപ്പിക്കുന്നത് ആത്മാവാകുന്നു എന്നുള്ളത് ശരിയായി മനസിലാക്കാതെ വ്യാഖ്യാനിക്കുന്നുണ്ട്. യോഹന്നാൻ 9:6 പിറവി കുരുടന് സൗഖ്യം കൊടുക്കുന്ന ഭാഗമാണ്. കുരുടന്റെ സൗഖ്യത്തിനായുപയോഗിക്കുന്നത് യരുശലേമിലെ മണ്ണ്, കർത്താവിന്റെ തുപ്പൽ, ശീലോഹാമിലെ വെള്ളം ഇവ മൂന്നുമാണ്. ഇവയിൽ ഏതാണ് സൗഖ്യം കൊടുത്തത്? മണ്ണിന് ഔഷധഗുണമുണ്ടായിരുന്നെങ്കിൽ കണ്ണാശുപത്രികൾ എന്നേ അവിടെ കുളംതോണ്ടുമായിരുന്നു. എന്നാൽ ആ മാധ്യമങ്ങളിൽ കൂടി-ആ പ്രവൃത്തിയിൽ കൂടി - വ്യാപരിച്ച ദൈവകൃപയും കുരുടന്റെ അനുസരണവും സൗഖ്യകാരണമായി. കൂദാശകൾ അദൃശ്യമായ ദൈവകൃപ പ്രാപിപ്പാനുള്ള ദൃശ്യമായ മാധ്യമങ്ങളാണ്. തിരുശരീര രക്തങ്ങളാണ് മനുഷ്യ രക്ഷയ്ക്ക് മാധ്യമമാക്കിയത്.

വിലക്കുള്ള അപ്പം ഭക്ഷിച്ച് മരിച്ച് അകന്നുപോയവർ കുറ്റം ഏറ്റപറഞ്ഞു പേക്ഷിച്ച് അടുത്തുവരികയും നിർദോഷവും നിഷ്കളങ്കവുമായ പെസഹാ കുഞ്ഞാടിന്റെ ശരീരരക്തങ്ങൾ അനുഭവിച്ച് അവനോടുകൂടെ പറുദീസയിലേക്ക് വീണ്ടും പ്രവേശിക്കുകയും ചെയ്യുകയാണ്.

ഇമ്മാനുവേലായ ക്രിസ്തു നമ്മെ പിരിയാറായ സമയത്ത് മറ്റൊരു ഇമ്മാനുവേലായ കാര്യസ്ഥനെ നമുക്ക് തരുമെന്ന് വാഗ്ദത്തം ചെയ്തിരുന്നു. (St. John 14:16,17) അവൻ എന്നേക്കും നമ്മോടുകൂടെ ഇരിക്കയും സകല സത്യത്തിലും നമ്മേ വഴി നടത്തുകയും ചെയ്യും അവൻ നമ്മോടുകൂടെ വസിക്കുകയും നമ്മളിൽ ഇരിക്കയും ചെയ്യും. അതുകൊണ്ട് പൂർണ്ണ സമർപ്പണത്തോടും വിശ്വാസത്തോടും കൂടി നാം ചെയ്യുന്ന ഏതു പ്രവൃത്തിയും തൽക്ഷണം അവൻ അനുഭവ വേദ്യമാക്കിത്തരും. വിശ്വസിച്ചാൽ നി ദൈവത്തിന്റെ മഹത്വം കാണുമെന്നുള്ള വാഗ്ദത്തം ബഥാന്യയിലെ മാർത്തയ്ക്കു മാത്രമുള്ളതല്ല.

പരിമിതിയുള്ള മനുഷ്യൻ പരിമിതിയില്ലാത്ത ദൈവത്തെ സ്വന്തബുദ്ധിയുടെ പരിധിയിൽ നിർത്തി മനസിലാക്കാൻ ശ്രമിക്കുന്നതാണ് പ്രശ്നം. ക്രിസ്തു കല്പിച്ച സകല കാര്യവും അതുപോലെ തൽക്ഷണം നടന്നുവെങ്കിൽ അവൻ വാഴ്ത്തികൊടുത്തതും അധികാരവും അവകാശവും ലഭിച്ചവർ വാഴ്ത്തി കൊടുക്കുന്നതും തിരുശരീര രക്തങ്ങൾ തന്നെ. അത് ലാബറട്ടറി പരിശോധനയ്ക്ക് വിധേയനാക്കുന്നവൻ ഭോഷനാണ്. ആത്മാവായ ദൈവത്തേയും ആത്മാവിന്റെ വീണ്ടെടുപ്പിനുള്ള പ്രവർത്തനങ്ങളേയും വിശ്വസിച്ച് അനുഭവിച്ച് മനസിലാക്കുകയാണ് വേണ്ടത്, നേരേ മറിച്ചല്ല.

ജീവിതാന്ത്യ നിമിഷങ്ങളിൽ കർത്താവ് പിതാവിനോടു പറഞ്ഞു ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി നീ എനിക്ക് ചെയ്‌വാൻ തന്ന പ്രവൃത്തി തികച്ചിരിക്കുന്നു. (St. John 17:4) അതിനു ശേഷം പിതാവിന്റെ സന്നിധിയിലേക്ക് തിരികെ ചെല്ലുവാൻ അനുവാദം ചോദിക്കയാണ് (St. John 17: 11,13) ശരീരത്തിൽ ഇരിക്കുമ്പോൾ താൻ ചെയ്‌വാനുള്ള സകലവും തികച്ച ശേഷമാണ് കർത്താവ് ക്രൂശേറിയത്. ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാരേ വിശ്വാസത്തിൽ ഉറപ്പിച്ചു, എന്നല്ലാതെ മറ്റൊന്നും പ്രവർത്തിച്ചില്ല. ഉയിർത്തെഴുന്നേറ്റ കർത്താവിന് തന്റെ തിരുശരീര രക്തങ്ങൾ കൊടുക്കുവാൻ കഴിയുമായിരുന്നുമില്ല. പ്രിയ വായനക്കാരാ St. John 6:53 വായിച്ച് നിന്റെ കാര്യം പരിശോധിക്കുക. "ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു നിങ്ങൾ മനുഷ്യ പുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയുമിരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവനില്ല." നിനക്ക് ഉള്ളിൽ ജീവനുണ്ടോ? ഇല്ലെങ്കിൽ കടന്നു വരിക. തിരുശരീര രക്തങ്ങൾ അനുഭവിച്ച് ജീവൻ പ്രാപിക്കുക. അതിന് ദൈവം നിന്നേ സഹായിക്കട്ടെ.

# മധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻ

കെ. വി. മാമ്മൻ, കോട്ടയ്ക്കൽ

കൺവൻഷനെപ്പറ്റി ഫെബ്രുവരി ലക്കത്തിൽ പി.എ. മാത്യു എഴുതിയ ലേഖനം വായിച്ചു. അതിൽ ചരിത്രപരമായ ചില വസ്തുതകൾ വിട്ടുപോയതിനാലും ചില കാര്യങ്ങൾ തെറ്റായതിനാലും ഈ കുറിപ്പ് എഴുതുന്നു. കൺവൻഷൻ ആരംഭിച്ചത് 1918-ൽ ആണല്ലോ. തന്നിമിത്തം 1930-ൽ ആരംഭിത്ത റീത്തു പ്രസ്ഥാനത്തെ തടയാനാണ് 1918-ൽ കൺവൻഷൻ ആരംഭിച്ചതെന്നു ആദ്യവാചകത്തിൽ പറയുന്നതിൽ അർത്ഥമില്ല. തന്നെയുമല്ല റീത്തു പ്രസ്ഥാനം 1930-ൽ ആരംഭിച്ച മാർ ഈവാനിയോസ് (അന്ന് ഫാ. പി. റ്റി. ഗീവറുഗീസ്) ആയിരുന്നു കൺവൻഷന്റെ ആദ്യകാലത്തെ ഒരു മുഖ്യ പ്രസംഗകൻ. മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസിനെ അബ്ദുള്ളാ പാത്രിയർക്കീസ് ദുഷ്ടലക്ഷ്യത്തോടു കൂടി മുടക്കുകയും സഭയിൽ പിളർപ്പുണ്ടാക്കുകയും നവീകരണ പ്രസ്ഥാനങ്ങൾ നേരത്തെ ഉടലെടുക്കുകയും ചെയ്ത പശ്ചാത്തലത്തിൽ സഭയുടെ നിലപാടും സത്യ വിശ്വാസവും സഭാംഗങ്ങളെ ധരിപ്പിക്കുന്നതിനു വേണ്ടിയാണു മാക്കാംകുന്നു കൺവൻഷൻ ആരംഭിച്ചത്. മാരാമൺ കൺവൻഷനും ഇത്തരം ഒരു പ്രസംഗയോഗത്തിനു പരോക്ഷമായി പ്രേരണ നൽകിയിട്ടുണ്ട്.

സഭാന്തരീക്ഷത്തിലെ ഭിന്നതയുടെ

## ജീവകാരുണ്യ പങ്കാളിത്തം ബാലജനങ്ങളിലേക്ക്

മലങ്കര ഓർത്തഡോക്സ് സഭ, ജീവകാരുണ്യ മേഖലയിലേക്ക് ഒരു നൂതന പന്ഥാവ് വെട്ടിത്തുറന്നിരിക്കുകയാണല്ലൊ. കേരളത്തിനകത്തും പുറത്തും യാതന അനുഭവിക്കുന്നവരുടെ തുണയ്ക്കായി നാം സഹായ ഹസ്തം നീട്ടുന്നു. കൊടുങ്കാറ്റിൽ തകർന്ന ഒറീസയിലും, യാച്ചാരത്തെ കുഷ്ഠരോഗികൾക്കിടയിലും, തിരുവനന്തപുരത്തെ ക്യാൻസർ രോഗികൾക്കിടയിലും മലങ്കര സഭയുടെ ജീവകാരുണ്യ മണ്ഡലം ശ്രദ്ധേയമായിരിക്കുന്നു. ഇതിനോടൊപ്പം എയിഡ്സ് ബാധിച്ചവരുടെ പുനരധിവാസത്തിനായുള്ള ഒരു ബ്രഹദ്പദ്ധതിയും അസൂത്രണം ചെയ്തുവരുന്നു.

സഭയുടെ ഈ സേവന തത്പരത ഇന്നത്തെ ബാലജനങ്ങളിൽ ചലനം സൃഷ്ടിക്കുന്നുണ്ടോ എന്നത് സംശയാസ്പദമാണ്. വളർന്നുവരുന്ന തലമുറയ്ക്ക് അറിവില്ലാത്തത് എന്തോ, അതു പകർന്നുകൊടുക്കുവാൻ മുതിർന്ന തലമുറയ്ക്ക് കർത്തവ്യമുണ്ട്. അഭി. ഒസ്താത്തിയോസ് തിരുമേനിയുടെ മഹനീയ നേതൃത്വത്തിൽ മുതിർന്നവർക്കായി, നാംസ് (National Association for Mission Studies) എന്ന പഠനവേദി അനുഗ്രഹകരമായി നടന്നുവരുന്നു. മലങ്കര സഭാ മിഷൻ ബോർഡിന്റെയും നാംസിന്റെയും സഹകരണത്തിൽ ബാലജനങ്ങളുടെ ജീവകാരുണ്യ പഠനാർത്ഥം ആവിഷ്ക്കരിക്കുന്ന സംഘടനയാണ് ജൂണിയർ നാംസ്. ജീവകാരുണ്യ മേഖലകളെ ബാലജനങ്ങൾക്ക് മനസിലാക്കിക്കൊടുക്കുവാനുള്ള ദൗത്യം ഏറ്റെടുത്തിരിക്കുകയാണ് ജൂണിയർ നാംസ്. ഈ വർഷത്തെ, ഇതിലേക്കായുള്ള കോൺഫറൻസ് ഏപ്രിൽ 30 മുതൽ മെയ് 4 വരെ മാവേലിക്കര എം.റ്റി.സി.യിൽ വച്ചു നടത്തുവാൻ ക്രമീകരിച്ചിരിക്കുന്നു. തിരുവനന്തപുരം വിശ്രാന്തി, കാരുണ്യാസെന്ററുകളുടെ സന്ദർശനം ഈ വർഷത്തെ പ്രത്യേകതയാണ്. ശ്രേഷ്ഠരായ ആത്മീയ തേജസുകൾ കുഞ്ഞുങ്ങൾക്ക് അറിവിന്റെ ദീപം തെളിച്ചു കൊടുക്കുന്നു. ഇതിൽ പ്രവേശനം ആഗ്രഹിക്കുന്ന ബാലികാബാലൻമാർ ഏപ്രിൽ 22 നു മുൻപായി ഡോ. പി. എം. തോമസ്, കാതോലിക്കേറ്റ് കോളജ്, പത്തനംതിട്ട എന്ന വിലാസത്തിൽ നിർദ്ദിഷ്ട അപേക്ഷാ ഫോമിൽ അപേക്ഷിക്കേണ്ടതാണ്. യോഗ്യരായ 80 പേർക്കു മാത്രമേ പ്രവേശനമുണ്ടായിരിക്കുകയുള്ളു. ഇതിന്റെ വിജയത്തിലേക്കായി സഭാ മക്കളുടെ പ്രാർത്ഥനകളും സാമ്പത്തിക സഹായങ്ങളും അഭ്യർത്ഥിക്കുന്നു.

## ദിവ്യ ശ്രീ ജയിക്കബ് കോർ എപ്പിസ്ക്കോപ്പാ

1877 മുതൽ 1918 വരെ 40 വർഷം കാരയ്ക്കൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയുടെ വികാരിയായിരുന്ന കിഴക്കേയറ്റത്ത് ദിവ്യശ്രീ ജയിക്കബ് കോർ എപ്പിസ്ക്കോപ്പായുടെ ജീവിത ചരിത്രത്തിൽ ചേർക്കുവാൻ ആവശ്യമായ വിവരങ്ങൾ ശേഖരിച്ചകൊണ്ടിരിക്കുകയാണ്.

ആർക്കെങ്കിലും കൂടുതൽ വിവരങ്ങൾ അറിയാമെങ്കിൽ സദയം ശ്രീ. കെ. വി. സഖറിയാ, കാട്ടുപറമ്പിൽ, കാരയ്ക്കൽ, തിരുവല്ലാ, എന്ന വിലാസത്തിൽ അറിയിക്കുവാൻ അപേക്ഷിക്കുന്നു.

## സമ്മാനം നേടിയവർ



സണ്ടേസ്ക്കൂൾ പന്ത്രണ്ടാം ക്ലാസ്സിൽ ഒന്നാം റാങ്ക് നേടിയ റിൻസി അബ്രാഹം കാര്യമ്പാടി സെന്റ് ജോർജ്ജ് സണ്ടേ സ്ക്കൂൾ വിദ്യാർത്ഥി (സുൽത്താൻ ബത്തേരി ഭദ്രാസനം)



അഖില മലങ്കര ബാലസമാജം ജൂനിയർ വിഭാഗം പ്രസംഗ മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ ജോ. വി. സാമുവേൽ തിരുവനന്തപുരം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകയുടെ വിഭാഗമായ എം.ജി. എം. സൺഡേസ്ക്കൂൾ നന്തൻകോടിലെ വിദ്യാർത്ഥി. തിരുവനന്തപുരം പോങ്ങുംമൂട് "മുഖത്ത്" പി. ജി. സാമുവേലിന്റെയും മിനി സാമുവേലിന്റെയും മകനാണ്.



ഒ.എസ്.എസ്.എ.ഇ. സൗത്ത് സോൺ സബ് ജൂനിയർ വിഭാഗം സംഗീത മത്സരത്തിൽ ഒന്നാം സ്ഥാനവും, അഖില മലങ്കര ബാലസമാജം സംഗീതം, പ്രസംഗം മത്സരത്തിൽ ഒന്നാം സ്ഥാനവും ലഭിച്ച വർഗ്ഗീസ് എം. സാമുവേൽ. തിരുവനന്തപുരം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകയുടെ വിഭാഗമായ എം. ജി.എം. സൺഡേസ്ക്കൂൾ നന്തൻകോടിലെ വിദ്യാർത്ഥി.



അഖില മലങ്കര ബാലസമാജം കലാമൽസരത്തിൽ സബ്ജൂണിയർ വിഭാഗം പ്രസംഗ മത്സരത്തിന് രണ്ടാം സ്ഥാനം കരസ്ഥമാക്കിയ സിനോ പി. സാബു "ചെങ്ങന്നൂർ ഭദ്രാസനത്തിൽ, ഉമയാറ്റുകര സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിലെ തൈമറവുങ്കര സെന്റ് ഗ്രീഗോറിയോസ് ബാലസമാജ അംഗം."

## സുവിശേഷ സംഘം

കോന്നി ഡിസ്ട്രിക്ട് സുവിശേഷ സംഘം ഏകദിന സമ്മേളനം വാഴമുട്ടം മാർ ബഹനാൻ ഓർത്തഡോക്സ് പള്ളിയിൽ വച്ചു നടത്തപ്പെട്ടു. പ്രസിഡന്റ് ജോർജ്ജ് മാത്യു കുറ്റിക്കണ്ടത്തിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം നി.വ.ദി. ശ്രീ. ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. പണത്തിന്റെ മാത്രമല്ല സമയത്തിന്റെയും ദശാംശം ദൈവത്തിനു നല്കുവാൻ കഴിയണം എന്നദ്ദേഹം ഉദ്ബോധിപ്പിച്ചു. ഫാ. കെ. വി. പോൾ, ഫാ. തോമസ് യോഹന്നാൻ, ശ്രീ. ജോസഫ് കുര്യൻ എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി രാജൻ റിപ്പോർട്ട് അവതരിപ്പിച്ചു.



മലങ്കരസഭ വാർത്തകൾ

## ദേവാലയ കൂദാശ



പീച്ചി:- പുതിക്കിപ്പണിത സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ദേവാലയത്തിന്റെ കൂദാശ ഫെബ്രുവരി 26, 27 തീയതികളിൽ പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും അഭി. സഖറിയ മാർ അന്തോനിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ് എന്നിവരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു.

1952-ൽ മൈലാടു പാറയിൽ സ്ഥാപിച്ച ആദ്യ ദേവാലയം 1961-ൽ പീച്ചിയിലേക്ക് മാറ്റി സ്ഥാപിച്ചു. കൊച്ചി ഭദ്രാസനത്തിലെ അഭി. പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ. ആദ്യ കുർബ്ബാന അർപ്പിച്ചു. പുതിയ ദേവാലയത്തിന്റെ സിലാസ്ഥാപനം 2002 സെപ്റ്റം. 14-ന് അഭി. സഖറിയ മാർ അന്തോനിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.

## ആലുവ അന്ധവിദ്യാലയം

സാമൂഹ്യ സേവന മണ്ഡലത്തിൽ ആലുവ അന്ധ വിദ്യാലയം നടത്തി വരുന്ന സേവനം മഹത്തരവും അഭിനന്ദനർഹവുമാണെന്ന് ജർമ്മനിയിലെ സി.ബി.എം. പ്രതിനിധി സിൽവാന ഇൻസെൽമാൻ വെളിപ്പെടുത്തി.

സ്ക്കൂളിന്റെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് വിലയിരുത്തുവാൻ എത്തിയ സംഘത്തിന് അന്ധവിദ്യാലയത്തിൽ നടന്ന സ്വീകരണച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അവർ.

42 വർഷം മുമ്പ് 8 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനുമായി വാടക മുറിയിൽ എളിയ തോതിൽ ആരംഭം കുറിച്ച അന്ധവിദ്യാലയത്തിലൂടെ അഞ്ഞൂറിൽ പരം അന്ധരെ ജീവിതത്തിന്റെ വിവിധ തുറകളിലേയ്ക്കു കൈപിടിച്ചുയർത്തുവാൻ സാധിച്ചിട്ടുണ്ടെന്നും ജീവനക്കാരുൾപ്പെടെ ഇപ്പോൾ സ്ഥാപനത്തിൽ 125 പേരുണ്ടെന്നും സമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ച കേരള ബ്ലൈൻഡ് സ്ക്കൂൾ സൊസൈറ്റി വർക്കിംങ് കമ്മറ്റി പ്രസിഡന്റ് റവ. ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്ക്കോപ്പ വെളിപ്പെടുത്തി.

സംസ്ഥാന യുവജനോത്സവത്തിൽ അന്ധ വിഭാഗത്തിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി ഓവർ ഓൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ അന്ധ വിദ്യാലയത്തിലെ കലാപ്രതിഭകളെ സി.ബി.എം. പ്രതിനിധികൾ അഭിനന്ദിച്ചു.

## വെല്ലൂർ, ലുധിയാന മെഡിക്കൽ കോളജ് പ്രവേശനം

കോട്ടയം:- ലുധിയാന ക്രിസ്ത്യൻ മെഡിക്കൽ കോളജിൽ എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എസ്.സി., നേഴിസിംഗ് എന്നിവയ്ക്കും വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിൽ ബി.എസ്.സി. നേഴ്സിംഗ്, പരാ മെഡിക്കൽ കോഴ്സുകൾക്കും മലങ്കര ഓർത്തഡോക്സ് സഭയുടെ ശുപാർശ ലഭിക്കാൻ ആഗ്രഹിക്കുന്ന സഭാംഗങ്ങൾ നിശ്ചിത ഫോറത്തിൽ ഏപ്രിൽ 25-നു മുമ്പ് അപേക്ഷിക്കണം. എം. ബി.ബിഎസ്., ബി.ഡി.എസ്., കോഴ്സുകൾക്ക് 250 രൂപ വീതവും, ബി.എസ്.സി. നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾക്ക് ഓരോന്നിനും 150 രൂപ വീതവും റജിസ്ട്രേഷൻ ഫീസും അപേക്ഷയോടൊപ്പം നൽകണം. ശുപാർശയ്ക്കുള്ള അപേക്ഷാഫാറത്തിന് തപാൽ സ്റ്റാമ്പ് ഒട്ടിച്ച കവർ സഹിതം കൺവീനർ, സ്പോൺസറിംഗ് കമ്മറ്റി, സ്റ്റുഡന്റ് സെന്റർ, പി. ബി. 610, കോട്ടയം - 686001 എന്ന വിലാസത്തിൽ ബന്ധപ്പെട്ടാൽ മതി.

## പുതുതായി സെമിനാരി (നാഗ്പൂർ) പ്രവേശനം ലഭിച്ചവർ

നാഗ്പൂർ:- നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി 2003-08 വർഷത്തെ വൈദിക വിദ്യാഭ്യാസത്തിനായുള്ള പുതിയ ബാച്ചിനെ തെരഞ്ഞെടുത്തു. ബാഹ്യകേരളത്തിലെ 4 ഭദ്രാസനങ്ങളിൽ നിന്നായി 8 വിദ്യാർത്ഥികളെയാണ് പുതുതായി തിരഞ്ഞെടുത്തിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ടവരും അവരുടെ ഭദ്രാസനങ്ങളും:-

1) തോമസ് ഫീലിപ്പോസ്, 2) മനീഷ് തോമസ് മത്തായി (ബോംബെ ഭദ്രാസനം)

3) ബിനോജ് എം. ബേബി, 4) ജോബിൻ പി. റ്റി. (കൽക്കട്ട ഭദ്രാസനം)

5) ഫെർഡിനാൻഡ് പത്രോസ് (ഡൽഹി ഭദ്രാസനം)

6) ഏബ്രഹാം കെ. കുറിയാക്കോസ്, 7) ബോബി ജോർജ്ജ്, 8) ചാൾസ്മോൻ എ. പി. (മദ്രാസ് ഡയോസിസ്)

## സ്നേഹ ജ്വാല തെളിച്ചു

തിരുവല്ല:- ഓർത്തഡോക്സ് യുവജനപ്രസ്ഥാനം കേന്ദ്ര സമിതിയുടെയും തലവടി ഡിസ്ട്രിക്ടിന്റെയും ആഭിമുഖ്യത്തിൽ ലോകസമാധാനത്തിനും മതസൗഹാർദത്തിനുമായി സ്നേഹ സാഹോദര്യ ജ്വാല തെളിച്ചു. ഭാരതത്തിന്റെയും സഭയുടെയും അഖണ്ഡതയ്ക്കുവേണ്ടി പ്രതിജ്ഞയെടുത്ത പരിപാടിക്ക് കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. വിൽസൺ മണലേത്ത്, സഭാ മാനേജിംഗ് കമ്മറ്റിയംഗം ഫാ. മാത്യൂസ് ജോൺ, ഫാ. റ്റി. കെ. വർഗീസ്, ഫാ. ജോജി തോമസ്, ഫാ. ജോർജ്ജ് വർഗീസ്, ഫാ. സി. സി. കുറിയാക്കോസ്, ഫാ. വർഗീസ് തോമസ്, ഡോ. കെ.. ഇ. ഏബ്രഹാം, വിനോദ് ഫിലിപ്പ്, ഉമ്മൻ വർഗീസ്, കെ. എ. മാത്യു എന്നിവർ നേതൃത്വം നൽകി.

# പൗരോഹിത്യ ജൂബിലി ആഘോഷിച്ചു



മുംബൈ ഭദ്രാസനത്തിലെ പ്രമുഖ വൈദീകനും ഇപ്പോൾ പവായ് സെന്റ് പോൾസ് ഇടവക വികാരിയുമായ റവ. ഫാ. തോമസ് കുര്യന്റെ പൗരോഹിത്യ രജതജൂബിലി മാർച്ച് 2-നു ഞായറാഴ്ച സെന്റ് പോൾസ് ഇടവകയിൽവെച്ച് ആഘോഷിച്ചു. വി. കുർബ്ബാനയ്ക്കു ശേഷം, ഇടവക മെത്രാപ്പോലീത്താ അഭി. ഗീവർഗീസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം നടന്നു. കല്യാൺ രൂപതയുടെ വികാരി ജനറൽ ഫാ. ആന്റണി കൊള്ളന്നൂർ, ഫാ. ജോർജ്ജ് കുരുവിള (മർത്തോമ്മ സഭ) മറ്റ് വൈദികർ, വിവിധ ആത്മീയ സംഘടന ഭാരവാഹികൾ, ഇടവക പ്രതിനിധികൾ അനുമോദന പ്രസംഗം നടത്തി.

കല്ലൂപ്പാറ കാക്കനൊട്ടിൽ കുടുംബാംഗമായ ഫാ. തോമസ് കുര്യൻ മുംബൈ ഭദ്രാസനത്തിൽ കല്യാൺ, അംബർനാഥ്, ഡോബിവിലി, താനാ, മുളണ്ട്, ചെമ്പൂർ, അന്ധേരി, വസായ് നാസിക്, ദോഹ തുടങ്ങിയ ഇടവകകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കലീനാ, ഉല്ലാസ് നഗർ എന്നീ സ്ഥലങ്ങളിൽ ദേവാലയം പണിയുന്നതിന് നേതൃത്വം നൽകി. മികച്ച വാഗ്മിയായ അച്ചൻ, അനേക വർഷങ്ങളായി മുംബൈയിൽ ജൂനിയർ കോളേജിൽ ഇംഗ്ലീഷ് പ്രഫസറായി സേവനം അനുഷ്ടിക്കുന്നു.

# ദേശീയ ബാലശ്രീ അവാർഡ്

ഔരംഗബാദ് ഓർത്തഡോക്സ് ഇടവകാംഗവും എൻജിനീയർ ഐസക്ക് വി. ജോസഫ്, ഡോ. ജീബാ ഐസക്ക് എന്നിവരുടെ മകളുമായ പത്തു വയസുകാരി, ആൻ ഐസക്കിന് ദേശീയ ബാലശ്രീ അവാർഡ് ലഭിച്ചു. ഇരുപതിനായിരം രൂപയും, ഫലകവും പ്രശംസാപത്രവും അടങ്ങുന്ന ഈ അവാർഡ് രാഷ്ട്രപതി ഭവനിൽ നടക്കുന്ന പ്രത്യേക ചടങ്ങിൽ രാഷ്ട്രപതി ഡോക്ടർ എ. പി. ജെ. അബ്ദുൽ കലാം വിതരണം ചെയ്യുന്നതാണ്. ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് ഇടവകാംഗവും മലങ്കര ഓർത്തഡോക്സ് കോളജുകളുടെ സെക്രട്ടറിയുമായ പഴയിടത്ത് പ്രൊഫ. വി. ഐ. ജോസഫിന്റെ പൗത്രിയാണ് ഈ ബാലിക.

## രണ്ടാം ചരമ വാർഷികം

**12.04.2003**



*"നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൾ വലഭാഗത്തിൽ"*

ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

**(പകലോമറ്റം കുമ്പന്താനത്ത് കടമ്മാട്, നീരേറ്റുപുറം)**

**K.M. Jacob (Husband)**
**Ashish J. Mathew (Son)**
**Anish J. Varghese (Son)**

Ananda Bhavan, 2769/2
National Colony, Jabalpur-482008
Madyapradesh
Ph: 0761-427558

**മേരിക്കുട്ടി ജേക്കബ്**
**ജബൽപ്പൂർ**



## ഒന്നാം ചരമവാർഷികം

ജനനം – 16-08-1933,



മരണം – 14-04-2002

**റവ. ഫാ. പോൾ മാടത്ത്**

*ആചാര്യേശാ മശിഹാകൂദാ ശകലർപ്പിച്ചോരീയാ-*
*ചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം*

*ദുഃഖാർത്തരായ കുടുംബാംഗങ്ങൾ*

23-4-03 ബുധനാഴ്ച കാട്ടൂർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ
വി. കുർബ്ബാനയും ധൂപപ്രാർത്ഥനയും നടത്തുന്നു.

## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്‌വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 1006705.75- രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 1921 ഓപ്പറേഷൻ ആകെ നടത്തിയതിൽ 3809-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 2573 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2003-05*

**THE MALANKARA SABHA**, CATHOLICATE OFFICE, KOTTAYAM-686 038




PRINTED AND PUBLISHED BY FR. T. A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT GRAPHIC SYSTEMS & CO., MALLAPPALLY. 0469 - 2782260, 2784163 FOR CATHOLICATE PRESS KOTTAYAM -38;
CHIEF EDITOR FR.DR. JACOB KURIAN. RS.7/-